

# സാധ്യമാക്കുകയാണ് കേരളം

## മുന്നേറ്റത്തിന്റെ കൈപ്പുസ്തകം




ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

കൈകൾ
കോർത്ത്
കരുത്തോടെ

2ാം പിണറായി സർക്കാർ
വാർഷികം



# ആമുഖം



കേരളം വികസനക്ഷേമരംഗങ്ങളിലെ മുന്നേറ്റത്തിന്റെ തിളക്കമാർന്ന ഒരു ഘട്ടത്തിലെത്തിയിരിക്കുകയാണ് ഇപ്പോൾ. എല്ലാവരെയും ചേർത്തുപിടിച്ചും എല്ലായിടത്തും വികസനത്തിന്റെ ഗുണഫലങ്ങൾ എത്തുന്നുവെന്ന് ഉറപ്പാക്കിയും രണ്ടാം പിണറായി വിജയൻ സർക്കാർ മൂന്നാംവർഷത്തിലേക്കു കടക്കുകയാണ്. അടിസ്ഥാന സൗകര്യവികസനം, സാമൂഹികക്ഷേമം, ആരോഗ്യം, വിദ്യാഭ്യാസം, സ്ത്രീശാക്തീകരണം, വ്യവസായവികസനം, സംരംഭകത്വം, പ്രവാസിക്ഷേമം, കൃഷി, റവന്യു തുടങ്ങിയ മേഖലകളിലായി ഒട്ടനവധി പദ്ധതികളും പരിപാടികളുമാണ് സർക്കാർ നടപ്പിലാക്കിയതും വിവിധഘട്ടങ്ങളിലായി പുരോഗമിക്കുന്നതും. ഏറ്റവുമൊടുവിൽ സഫലമായ വാട്ടർമെട്രോയും ശിലാസ്ഥാപനം നിർവഹിക്കപ്പെട്ട ഡിജിറ്റൽ സയൻസ് പാർക്കും ഉദാഹരണങ്ങൾ. നടപ്പാക്കാനാവില്ലെന്നു കരുതിയ പല പദ്ധതികളും സർക്കാരിന്റെ ഇച്ഛാശക്തിയാലാണ് സാധ്യമാവുന്നത്. സംസ്ഥാനത്തിന്റെ ചരിത്രത്തിലെതന്നെ സുവർണരേഖകളായി മാറുന്ന പദ്ധതികളെയും നേട്ടങ്ങളെയും കുറിച്ചറിയാനുതകുന്ന ഒരു പ്രത്യേക പുസ്തകം പ്രസിദ്ധീകരിക്കുകയാണ്.

**ടി.വി. സുഭാഷ്**
ഡയറക്ടർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

# സാധ്യമാക്കുന്നു സുസ്ഥിരവികസനവും സാമൂഹികനീതിയും

**പിണറായി വിജയൻ**
മുഖ്യമന്ത്രി



സർവതലസ്പർശിയായതും സാമൂഹിക നീതിയിൽ അധിഷ്ഠിതവുമായ വികസനം ഉറപ്പാക്കി സർക്കാർ രണ്ടു ഭരണവർഷം പൂർത്തിയാക്കുകയാണ്. എല്ലായിടത്തും വികസനപദ്ധതികൾ നടപ്പിലാക്കിയും എല്ലാ പൗരന്മാർക്കും വികസന പദ്ധതികളുടെ ഗുണം ഉറപ്പാക്കിയുമാണ് സർക്കാരിന്റെ മുന്നേറ്റം. കോവിഡ്, സാമ്പത്തിക പ്രതിസന്ധി, അർഹിക്കുന്ന ആനുകൂല്യം പോലും ലഭിക്കാത്ത അവസ്ഥ, അനാവശ്യവിവാദങ്ങൾ തുടങ്ങി പ്രതികൂലഘടകങ്ങളുടെ മലവെള്ളപ്പാച്ചിൽ ഉണ്ടായിട്ടും അവയെല്ലാം മറികടന്നാണ് കേരളം വികസനത്തിലും ക്ഷേമത്തിലും സുരക്ഷയിലും സമാധാനത്തിലുമെല്ലാം ഏഴു വർഷമായി അഭിമാനകരമായ നേട്ടം സ്വന്തമാക്കുന്നത്.

നവകേരളനിർമ്മിതി എന്ന പുരോഗമനാശയവും അത് യാഥാർഥ്യമാക്കുന്നതിനുള്ള പ്രായോഗിക നടപടികളുമായാണ് ഈ ഘട്ടത്തിൽ നാം മുന്നേറുന്നത്. ആരും വിശന്നിരിക്കരുത്. എല്ലാവർക്കും സുരക്ഷിത ജീവിതവും ഉണ്ടാകണം. അക്കാര്യത്തിൽ വാശിയുള്ള ഈ സർക്കാരിന്റെ കരുതലും ആർദ്രതയും ഇടപെടലും എല്ലായിടത്തുമുണ്ട്. അതുകൊണ്ടാണ് നമുക്കിടയിലെ അതിദരിദ്രകുടുംബങ്ങളെ കണ്ടെത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കാനും അതിദാരിദ്ര്യ നിർമ്മാർജനയജ്ഞം എന്ന പദ്ധതി നടപ്പിലാക്കുന്നത്.

64,006 അതിദരിദ്രകുടുംബങ്ങൾക്ക് ജീവിതത്തിലേക്ക് കരകയറാൻ രാജ്യത്താദ്യമായി നമ്മൾ ഒരുക്കുന്ന അതിസൂക്ഷ്മ പദ്ധതിയിലൂടെ അർഹതപ്പെട്ടവർക്ക് ഭക്ഷണവും ചികിത്സയും അവകാശരേഖകളും നൽകിക്കഴിഞ്ഞു. തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ 77,555 അടിയന്തര പദ്ധതികളും 36,269 ഹ്രസ്വകാല പദ്ധതികളും 1,53,624 ദീർഘകാല

# സാധ്യമാക്കുകയാണ് കേരളം

പദ്ധതികളുമാണ് അതിദാരിദ്ര്യ നിർമ്മാർജന യജ്ഞത്തിന്റെ ഭാഗമായി നടപ്പിലാക്കുന്നത്. നിരാലംബരായവർക്ക് ലൈഫ്പദ്ധതിയിലൂടെ വീടും അന്നവും അഭയവും വേണ്ടവർക്ക് ഭക്ഷണവും സുരക്ഷിതവാസകേന്ദ്രങ്ങളും സൗജന്യചികിത്സയും ഒക്കെ നൽകി അവരെ നമുക്കൊപ്പം ചേർത്തുനിർത്തുകയാണ്.

മൂന്നരലക്ഷത്തോളം പേർക്ക് കൂടണയാൻ വീടും 10 ലക്ഷം പേർക്ക് തൊഴിലും 52 ലക്ഷം പേർക്ക് പെൻഷനും വിദ്യാർഥികൾക്ക് സ്കൂളിലും ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിലും മികച്ച വിദ്യാഭ്യാസവും പഠനത്തിനൊപ്പം തൊഴിൽ ചെയ്യാൻ അവസരവും സ്ത്രീകൾക്ക് സാമ്പത്തികസുരക്ഷയും സർക്കാർ ഒരുക്കുന്നു. വിജ്ഞാന തൊഴിലവസരങ്ങൾക്ക് അന്തരീക്ഷം സൃഷ്ടിക്കാൻ കേരള നോളജ് ഇക്കോണമി മിഷന് കേരളം രൂപം നൽകിക്കഴിഞ്ഞു. അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്ത 13 ലക്ഷം പേരിൽ തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഇതിനകം 3,831 കമ്പനികൾ തൊഴിൽ വാഗ്ദാനം നൽകിക്കഴിഞ്ഞു. പല കാരണങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട അഞ്ചു ലക്ഷത്തോളം സ്ത്രീകളെ വീണ്ടും തൊഴിൽരംഗത്ത് എത്തിക്കാൻ തൊഴിലരങ്ങത്തേക്ക് എന്ന പദ്ധതി ആരംഭിച്ചു.

ഒരു ലക്ഷം സംരംഭങ്ങളുമായി വ്യവസായരംഗത്തുണ്ടായ ഉണർവ് വികസനത്തിന്റെ സമസ്തമേഖലകളിലും പ്രതിഫലിക്കുന്നു. സംരംഭക വർഷത്തിലൂടെ എട്ടുമാസം കൊണ്ട് 7,500 കോടിയിലധികം രൂപയുടെ നിക്ഷേപ സമാഹരണം നടത്താനും ഒരു ലക്ഷം സംരംഭങ്ങൾ ലക്ഷ്യമിട്ട സ്ഥാനത്ത് ഒന്നരലക്ഷത്തോളം സംരംഭങ്ങൾ ആരംഭിക്കാനും സാധിച്ചു. ഇതിലൂടെ രണ്ടരലക്ഷത്തോളം പേർക്ക് തൊഴിൽ ലഭിച്ചു. ഈ പദ്ധതിയെ കേന്ദ്രസർക്കാർ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായും തിരഞ്ഞെടുത്തു കഴിഞ്ഞു.

അടിസ്ഥാനസൗകര്യവികസനത്തിൽ അതിവേഗ റോഡുകളും ഹൈവേകളും നിർമ്മിക്കുന്നതിനൊപ്പം ബദൽ സഞ്ചാരപാതകളും യാത്രാമാർഗങ്ങളും ഒരുക്കുന്ന സർക്കാർ ഭാവികേരളത്തിന് മികച്ച യാത്രാ സൗകര്യം ഉറപ്പാക്കുന്നു. തെക്ക് കോവളം മുതൽ വടക്ക് ഹോസ്ദുർഗ് വരെ 590 കി.മീറ്ററിൽ നദികളെയും കായലുകളെയും ബന്ധിപ്പിച്ചുകൊണ്ടും അവയില്ലാത്ത സ്ഥലങ്ങളിൽ കനാലുകളിലൂടേയും ഗതാഗതം സാധ്യമാക്കിയും ലോകത്തിലെ തന്നെ ഏറ്റവും വലിയ മനുഷ്യ നിർമ്മിത ജലപാതയാണ് നാം നിർമ്മിച്ചു വരുന്നത്. 2025 ഓടെ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കി.മീറ്റർ പാത ഉപയോഗക്ഷമമായിക്കഴിഞ്ഞു. കൊച്ചിയിൽ വാട്ടർമെട്രോയും യാഥാർഥ്യമായി.

ആർദ്രതയും കരുതലും ഉറപ്പാക്കി, ആരോഗ്യ മേഖലയിൽ സമാനതകളില്ലാത്ത ഇടപെടലാണ് സാധ്യമാക്കുന്നത്. എല്ലാ ആശുപത്രികളുടെയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും ജീവിതശൈലീരോഗങ്ങളെ ചെറുക്കുകയെന്ന ഭാവി വെല്ലുവിളിയെ നേരിട്ടും ഡയാലിസിസ് സൗകര്യം വീട്ടിൽ തന്നെ ഒരുക്കിയുമെല്ലാം ആരോഗ്യരംഗത്തെ കരുത്തുറ്റതാക്കാനാണ് സർക്കാർ ശ്രമിച്ചു വരുന്നത്.

വിദ്യാഭ്യാസ മുന്നേറ്റത്തിലും ഉന്നതവിദ്യാഭ്യാസ രംഗത്തും അർഥപൂർണ്ണമായ തുടർച്ചയും പരിവർത്തനവുമാണ് സർക്കാറിന്റെ ലക്ഷ്യം. തൊഴിൽസൃഷ്ടിയിലും നാം മികവ് പുലർത്തുന്നു. സ്റ്റാർട്ടപ്പുകളിൽ, കാർഷിക മൂല്യവർധിത ഉൽപന്നങ്ങളുടെ നിർമ്മാണത്തിൽ, സ്ത്രീശാക്തീകരണത്തിൽ തുടങ്ങി എല്ലായിടത്തുമുള്ള കേരളത്തിന്റെ മികവ് മറ്റു പലർക്കും മാതൃകയാകുന്നു. എന്നാൽ ഏതു പദ്ധതിയെയും വിവാദമാക്കാനുള്ള പ്രവണതയാണ് ചിലർക്കുള്ളത്. വികസന വിരോധമാണ് അത്തരക്കാരെ ഭരിക്കുന്നത്. അതുകൊണ്ടുതന്നെ എന്ത് പ്രതിസന്ധി ഉണ്ടായാലും നാടിന്റെ വികസനത്തിൽ ഈ സർക്കാർ വിട്ടുവീഴ്ച ചെയ്യില്ല. ഏഴുവർഷത്തിനു മുൻപുള്ള കേരളത്തിന്റെ അവസ്ഥ എന്തായിരുന്നു എന്ന് ഈ ഘട്ടത്തിൽ നാം ഓർക്കേണ്ടതുണ്ട്. ദേശീയപാത വികസനം മുതൽ ഗെയിൽ പൈപ്പ് ലൈൻ പദ്ധതിവരെ നടക്കില്ലെന്നു കരുതി ഉപേക്ഷിച്ചിരുന്ന അവസ്ഥയിൽനിന്നാണ് പ്രതികൂല സാഹചര്യങ്ങളെ നേരിട്ട് കേരളം ഈ തരത്തിൽ കരകയറിയത്. ആ മുന്നേറ്റത്തിൽ ജനങ്ങൾ നൽകുന്ന പിന്തുണയാണ് ഈ സർക്കാരിന്റെ കരുത്ത്. അതുതന്നെയാണ് കൈകൾ കോർത്ത് മുന്നേറാൻ സർക്കാരിനുള്ള പ്രേരണയും.

# മുടങ്ങാതെ കൈയിലെത്തുന്ന ജീവിതസുരക്ഷ



സമൂഹത്തിന്റെ താഴെത്തട്ടിലുള്ള സാധാരണക്കാരുടെ ജീവിതസുരക്ഷയെന്ന സുപ്രധാന കടമ നിർവഹിക്കുന്നതിൽ പ്രതിജ്ഞാബദ്ധമാണ് സംസ്ഥാന സർക്കാർ. വലിയൊരു ജനസമൂഹത്തിന് പ്രാരാബ്ധങ്ങളിൽ മുങ്ങിത്താഴാതെ പെൻഷന്റെ തണലൊരുക്കാൻ സർക്കാരിനായി. 600 രൂപ മാത്രമായിരുന്ന ക്ഷേമപെൻഷൻ 1600 രൂപയായി ഉയർത്തി. 60 ലക്ഷത്തിൽപ്പരം ആളുകളാണ് കേരളത്തിൽ പെൻഷൻ ആനുകൂല്യം സ്വീകരിക്കുന്നത്. 54 ലക്ഷം പേർക്ക് 1600 രൂപ നിരക്കിൽ സാമൂഹിക സുരക്ഷാപെൻഷൻ നൽകുന്നു. ഇതിന് പുറമെ, ക്ഷേമനിധി ബോർഡുകൾ 6.74 ലക്ഷം പേർക്ക് ക്ഷേമപെൻഷൻ നൽകുന്നു. പ്രതിവർഷം 11,000 കോടി രൂപയാണ് സർക്കാർ ഇതിനായി ചെലവിടുന്നത്. മറ്റൊരു സംസ്ഥാനത്തും ഇത്രയും ബൃഹത്തായ സാമൂഹികസുരക്ഷാ പദ്ധതിയില്ല. 2023-ൽ വിഷു പ്രമാണിച്ച് രണ്ടു മാസത്തെ ക്ഷേമപെൻഷൻ തുകയായ 3,200 രൂപ ഒരുമിച്ച് വിതരണം ചെയ്തു. ഇതിനായി 1,871 കോടി രൂപ അനുവദിച്ചു.



60 ലക്ഷത്തിൽപ്പരം ആളുകളാണ് കേരളത്തിൽ പെൻഷൻ ആനുകൂല്യം സ്വീകരിക്കുന്നത്. 54 ലക്ഷം പേർക്ക് 1,600 രൂപ നിരക്കിൽ സാമൂഹിക സുരക്ഷാപെൻഷൻ നൽകുന്നു.




600 രൂപ
മാത്രമായിരുന്ന
ക്ഷേമപെൻഷൻ
1,600 ആയി
ഉയർത്തി

# ആത്മവിശ്വാസത്തോടെ സംരംഭകർ



എല്ലാ ജില്ലകളിലും, എല്ലാ വ്യവസായമേഖലകളിലും ചെറുകിട സംരംഭങ്ങൾ തുടങ്ങി. 7,500 കോടിയോളം രൂപയുടെ നിക്ഷേപസമാഹരണം നടന്നു. രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് എന്ന ദേശീയാംഗീകാരവും നേടി

യുവസംരംഭകർ ഉൾപ്പെടെയുള്ളവർക്ക് തങ്ങളുടെ സ്വപ്നസംരംഭങ്ങൾ ആരംഭിക്കുന്നതിന് മുമ്പെങ്ങുമില്ലാത്ത ആത്മവിശ്വാസമാണ് സർക്കാർ പിന്തുണയിലൂടെ ഉറപ്പാക്കുന്നത്. ഒരു വർഷത്തിനുള്ളിൽ ഒന്നര ലക്ഷത്തോളം സംരംഭങ്ങൾ, രണ്ടര ലക്ഷത്തിലധികം പേർക്ക് ജോലി, തൊഴിൽമേഖലയ്ക്ക് ഉണർവും യുവത്വത്തിന് ആത്മവിശ്വാസവും പകരുന്ന സംരംഭകരംഗത്തെ കുതിപ്പിന് സമാനതകളില്ല. കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത്, നമുക്ക് ഏറ്റവും അനുയോജ്യമാകുന്നത് ചെറുകിട വ്യവസായസ്ഥാപനങ്ങളാണെന്ന് മനസ്സിലാക്കി.

ഒരു വർഷത്തിനുള്ളിൽ ഒരു ലക്ഷം





സംരംഭകവർഷം 2.0 തുടങ്ങി. ഒപ്പം ആദ്യ സംരംഭകവർഷത്തിന്റെ ഭാഗമായി ആരംഭിച്ച സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കാൻ മിഷൻ 1000 പദ്ധതിയും തുടങ്ങി

എം.എസ്.എം.ഇകൾ തുടങ്ങാൻ ലക്ഷ്യമിട്ടു. സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് 4% പലിശനിരക്കിൽ ഈടില്ലാത്ത വായ്പാപദ്ധതി ആരംഭിച്ചു.

എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ഏകദിന ശിൽപശാലകൾ സംഘടിപ്പിച്ചു. ഒരു ലക്ഷത്തിലധികമാളുകൾക്ക് പൊതു ബോധവൽക്കരണം നൽകി. എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും ബി-ടെക്ക്/എം.ബി.എ യോഗ്യതയുള്ള ഇന്റേണുകളെ നിയമിച്ചു. സംരംഭകത്വ ഹെൽപ് ഡെസ്കുകളും നിക്ഷേപ കരുടെ സംശയങ്ങൾ പരിഹരിക്കുന്നതിനായി വിദഗ്ധരെ ഉൾക്കൊള്ളിച്ച് എം.എസ്.എം.ഇ ക്ലിനിക്കുകളും ആരംഭിച്ചു. കേവലം 245 ദിവസങ്ങൾ കൊണ്ട് ഒരു ലക്ഷം സംരംഭങ്ങൾ രജിസ്റ്റർ ചെയ്ത് ചരിത്രനേട്ടം കൈവരിച്ചു.

എല്ലാ ജില്ലകളിലും എല്ലാ വ്യവസായ മേഖലകളിലും ചെറുകിട സംരംഭങ്ങൾ തുടങ്ങി. 7,500 കോടിയോളം രൂപയുടെ നിക്ഷേപ സമാഹരണം നടന്നു. രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസ് എന്ന ദേശീയാംഗീകാരവും നേടി.

ഇപ്പോൾ സംരംഭകവർഷം 2.0 തുടങ്ങി. ഒപ്പം ആദ്യ സംരംഭകവർഷത്തിന്റെ ഭാഗമായി ആരംഭിച്ച സംരംഭങ്ങളുടെ സുസ്ഥിരത ഉറപ്പാക്കാൻ മിഷൻ 1,000 പദ്ധതിയും തുടങ്ങി. തിരഞ്ഞെടുത്ത ആയിരം സംരംഭങ്ങളെ ശരാശരി നൂറ് കോടി വിറ്റുവരവുള്ള സംരംഭങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യം.

# എല്ലാവർക്കും ഇന്റർനെറ്റ്

വിവരസാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കൊപ്പം കേരളസമൂഹത്തെ നയിക്കുന്നതിന് നൂതനവും ദീർഘവിക്ഷണത്തോടെയുമുള്ള പദ്ധതികളാണ് സർക്കാർ വിഭാവനം ചെയ്യുന്നതും നടപ്പിലാക്കുന്നതും. എല്ലാവർക്കും ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. 140 മണ്ഡലങ്ങളിലെ 100 വീതം ബിപിഎൽ കുടുംബങ്ങൾക്കും 30,000 സർക്കാർ ഓഫീസുകളിലും കെ ഫോൺ വഴി ഇന്റർനെറ്റ് ലഭ്യമാക്കും.

കെ.എസ്.ഇ.ബി-യും, കെ.എസ്.ഐ.റ്റി.ഐ.എൽ-ഉം ചേർന്നുള്ള സംയുക്ത സംരംഭം കെഫോൺ ലിമിറ്റഡ് വഴിയാണ് നടപ്പാക്കുന്നത്. കെഫോൺ പദ്ധതിയുടെ നടത്തിപ്പ്, ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യത്തിനാണ്. സംസ്ഥാനത്തെ 14 ജില്ലകളെയും കോർ റിങ്ങ് വഴി കെ ഫോൺ നെറ്റ് വർക്ക് ബന്ധിപ്പിക്കുന്നു. ഓരോ ജില്ലകളിലെയും ഗവൺമെന്റ് ഓഫീസുകളേയും മറ്റു ഗുണഭോക്താക്കളെയും ബന്ധിപ്പിക്കുന്നത് ആക്സസ് നെറ്റ് വർക്ക് വഴിയാണ്. 35,000 കി.മി.ദൈർഘ്യമുള്ള ഒപ്റ്റിക് ഫൈബർ



35,000 കി.മി.ദൈർഘ്യമുള്ള ഒപ്റ്റിക് ഫൈബർ നെറ്റ്വർക്ക് ആണ് കെഫോൺ പദ്ധതി പ്രകാരം നടപ്പിലാക്കുന്നത്

- 30,000 സർക്കാർ ഓഫീസുകളെ കെഫോൺ വഴി ബന്ധിപ്പിക്കുന്നു
- 20 ലക്ഷത്തോളം പിന്നാക്ക കുടുംബങ്ങൾക്ക് സൗജന്യം
- 17,200 സർക്കാർ ഓഫീസുകളിൽ ഇന്റർനെറ്റ് ലഭ്യത ഉറപ്പുവരുത്തി
- ഒരു നിയോജക മണ്ഡലത്തിൽ 100 വീതം 14,000 കുടുംബങ്ങൾക്ക് ആദ്യം.
- 7,569 കുടുംബങ്ങളുടെ പട്ടിക തദ്ദേശ ഭരണസ്ഥാപനങ്ങൾ കൈമാറി.
- 5000 വീടുകളിലേക്ക് കണക്ഷൻ നൽകുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.
- 22,802 കി.മീ. കേബിൾ ശൃംഖലയിൽ 18,941 കി.മീ പൂർത്തീകരിച്ചു.

നെറ്റ്‌വർക്ക് ആണ് കെഫോൺ പദ്ധതിപ്രകാരം നടപ്പിലാക്കുന്നത്. ഇത് കേരളത്തിലുള്ള മറ്റേത് ഓപ്പറേറ്ററിനേക്കാളും വലിയ ശ്യംഖലയാണ്.

കൊച്ചി ഇൻഫോപാർക്കിൽ കെഫോണിന്റെ നെറ്റ്‌വർക്ക് ഓപ്പറേറ്റിങ്ങ് സെന്റർ പ്രവർത്തനക്ഷമമായി.

ഐ.ടി പാർക്കുകൾ, എയർപോർട്ട്, തുറമുഖം എന്നിവിടങ്ങളിൽ അതിവേഗ ഇന്റർനെറ്റ്, ഇൻട്രാനെറ്റ് സൗകര്യമൊരുക്കാൻ കെഫോൺ പദ്ധതി പൂർണ്ണമാക്കുന്നതോടെ സാധിക്കും. ആർട്ടിഫിഷൽ ഇന്റലിജൻസ്, ബ്ലോക്ക്ചെയിൻ, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, സ്റ്റാർട്ടപ്പ്, സ്മാർട്ട് സിറ്റി തുടങ്ങിയ മേഖലകളിൽ കെഫോൺ വിപ്ലവം സൃഷ്ടിക്കും. കെ ഫോൺ യാഥാർഥ്യമാകുന്നതോടെ ചെറുകിട സംരംഭങ്ങൾക്ക് ഇ–കോമേഴ്സ് വഴി വിൽപ്പന നടത്താം.

എല്ലാവർക്കും ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം



# ഭരണം സുതാര്യമായി ഫയലുകൾക്ക് വേഗമേറി

നവസാങ്കേതിക വിദ്യയെ ജനകീയമാക്കുന്നതിനുള്ള പരിശ്രമത്തിന് ഫലം കിട്ടുകയാണ് ഇ-സേവനവ്യാപനത്തിലൂടെ. വിവിധ സേവനങ്ങൾക്കായി ഓഫീസുകൾ കയറിയിറങ്ങുന്ന സാഹചര്യം ഒഴിവാക്കുന്ന സുപ്രധാന നേട്ടമാണ് കൈവരിക്കാനായത്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന ഇ-സേവനം പോർട്ടലും എ-സേവനം മൊബൈൽ ആപ്ളിക്കേഷനും പോലുള്ള അനവധി തിളക്കമുള്ള ഉദാഹരണങ്ങൾ എടുത്തുപറയാനുണ്ട്.



കേരള സർക്കാർ നടപ്പിലാക്കി വരുന്ന ഇ-ഗവേർണൻസ് പ്രക്രിയയിൽ പ്രധാനപ്പെട്ട ചിലതാണ് ഇ- ഓഫീസ് സംവിധാനം, സംസ്ഥാനത്തൊട്ടാകെ ഭൂമിയുടെ ഡിജിറ്റൽ സർവെ, ആരോഗ്യമേഖലയിലെ ഇ-ഹെൽത്ത്, ഓൺലൈൻ ഏകജാലകക്ലിയറൻസ് സംവിധാനമായ കെ-സ്വിഫ്റ്റ്, കേരള സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം ( K- CIS), പൊതുമരാമത്തുവകുപ്പിന്റെ സുഗമ വെബ്പോർട്ടൽ, പ്രൈസ് വെബ് പോർട്ടൽ, ധനകാര്യവകുപ്പിന്റെ സ്പാർക് വെബ് പോർട്ടൽ, ഇ സേവനം വെബ്പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ പഞ്ചായത്തുതലത്തിലെ ഐ.എൽ.ജി.എം.എസ് തുടങ്ങിയവ.



ഇ-സേവനം പോർട്ടലിലൂടെ 884 സേവനങ്ങൾ ലഭ്യമാകുന്നു

വിവിധവകുപ്പുകളുടെ സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരാൻ ആരംഭിച്ച ഇ-സേവനം പോർട്ടലിലൂടെ 884 സേവനങ്ങളാണ് ഇപ്പോൾ ലഭിക്കുന്നത്. എം. സേവനം എന്ന മൊബൈൽ അപ്ളിക്കേഷനിൽ നിലവിൽ 683 സേവനങ്ങൾ ലഭ്യമാണ്. കൂടാതെ എല്ലാ പ്രധാനപ്പെട്ട സേവനങ്ങൾക്കും ഡാഷ് ബോർഡുകൾ രൂപീകരിച്ചിട്ടുണ്ട്. ഇ-സേവനം വെബ്പോർട്ടലിൽ 509 സേവനങ്ങൾക്ക് നിലവിൽ ഡാഷ്ബോർഡ്

ഉണ്ട്. ഈ ഡാഷ്ബോർഡുകളുടെ സഹായത്തോടെ സംസ്ഥാനത്തൊട്ടാകെയുള്ള ഓഫീസുകളിലെ കാര്യക്ഷമത വകുപ്പു മേധാവികൾക്കും ജില്ലാ മേധാവികൾക്കും മറ്റ് ഉന്നതോദ്യോഗസ്ഥർക്കും പരിശോധിച്ച് ആവശ്യമായ തിരുത്തൽ നടപടികൾ എടുക്കാൻ സാധിക്കും.

വ്യവസായ സ്ഥാപനങ്ങളിൽ പല വകുപ്പുകളുടെ പരിശോധനകളെല്ലാം ഒരുകുടക്കീഴിൽ കൊണ്ട് വരുന്ന സംവിധാനമാണ് കേരള-സെൻട്രൽ ഇൻസ്പെക്ഷൻ സിസ്റ്റം. ഓരോ സ്ഥാപനങ്ങളുടെയും  പരിശോധന ക്രമീകരിക്കുന്നത് ഓട്ടോമാറ്റിക് സംവിധാനത്തിലൂടെയാണ്. പല ആവശ്യങ്ങൾക്കായി വൈദ്യുതപോസ്റ്റുകളും, പൈപ്പ്ലൈനുകളും മാറ്റി സ്ഥാപിക്കേണ്ടതായും റോഡ് മുറിക്കേണ്ടതായും വരാറുണ്ട്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിലവിൽ വന്ന വെബ് പോർട്ടലാണ് 'സുഗമ'. പൊതുജനങ്ങൾ, സർക്കാർ വകുപ്പുകൾ, കരാറുകാർ തുടങ്ങി എല്ലാവർക്കും ഉപയോഗിക്കാനാവുന്ന തരത്തിലാണ് ഈ പോർട്ടൽ വിഭാവനം ചെയ്തിരിക്കുന്നത്.

ഡിജിറ്റൽ സമത്വമെന്ന വലിയ ലക്ഷ്യത്തിലേക്കടുക്കുകയാണ് നവകേരളം

പോർട്ടൽ നിലവിൽ വന്നതിലൂടെ പൊതുമരാമത്ത്  വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഡിജിറ്റൽ സമത്വമെന്ന വലിയ ലക്ഷ്യത്തിലേക്കടുക്കുകയാണ് നവകേരളം.



# സ്റ്റാർട്ടപ്പുകളുടെ പറുദീസ




മലയാളി യുവത്വത്തിന് പ്രതീക്ഷയുടെ പുതിയ പാതകളൊരുക്കി നൽകുകയാണ് സംസ്ഥാന സർക്കാർ. നവീനമായ ആശയങ്ങൾക്ക് സംരംഭങ്ങളുടെ ചിറകേകുയാണ് ഇപ്പോൾ. ഇവയുടെ വിജയം കൂടുതൽ പേർക്ക് ആത്മവിശ്വാസം പകരുന്നു.

രാജ്യത്ത് സ്റ്റാർട്ടപ്പ് നയത്തിന് ആദ്യമായി രൂപം നൽകിയത് കേരളമാണ്. സംസ്ഥാനത്ത് നിലവിൽ നാലായിരത്തിൽപ്പരം സ്റ്റാർട്ടപ്പുകളും പത്ത് ലക്ഷം ചതുരശ്രയടിയോളം വരുന്ന ഇൻകുബേഷൻ സൗകര്യങ്ങളും നാൽപ്പതിലധികം ഇൻകുബേറ്ററുകളും 425 മിനി ഇൻകുബേറ്ററുകളും പ്രവർത്തിച്ചു വരുന്നു. ഗ്ലോബൽ സ്റ്റാർട്ടപ്പ് ഇക്കോസിസ്റ്റം റിപ്പോർട്ടിൽ അഫോർഡബിൾ ടാലന്റ് കാറ്റഗറിയിൽ കേരളം ഏഷ്യയിൽ ഒന്നാമതും ആഗോള റാങ്കിങ്ങിൽ നാലാമതും എത്തി. സ്റ്റാർട്ടപ്പ് ആവാസവ്യവസ്ഥകളെ കുറിച്ച് പോയ വർഷം നടത്തിയ വേൾഡ് ബെഞ്ച്മാർക്ക് സ്റ്റഡിയിൽ ഏറ്റവും മികച്ച അഞ്ച് പൊതു/സ്വകാര്യ ബിസിനസ് ഇൻകുബേറ്ററുകളിൽ ഒന്നായി കേരളം തെരഞ്ഞെടുക്കപ്പെട്ടു. വെർച്വൽ ഇൻകുബേഷൻ പ്രോഗ്രാം, സ്റ്റാർട്ടപ്പുകൾക്ക് നൽകുന്ന ഇൻകുബേഷൻ പിന്തുണ, സ്റ്റാർട്ടപ്പ് സീഡ് ഫണ്ടിങ്ങ് സംവിധാനം തുടങ്ങിയ

2026 ഓടെ സ്റ്റാർട്ടപ്പുകളുടെ എണ്ണം 15,000 ത്തിലേക്കെത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.



ഘടകങ്ങൾ അംഗീകാരം ലഭിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. വേൾഡ് ബെഞ്ച് മാർക്ക് സ്റ്റഡി 2021-2022 ന്റെ ആറാം പതിപ്പിനായി 1895 സ്ഥാപനങ്ങളെയാണ് വിലയിരുത്തിയത്. ഇതിൽ 356 സ്ഥാപനങ്ങൾ പഠനത്തിൽ പങ്കെടുക്കാൻ അപേക്ഷിച്ചു. ഇതിൽ നിന്നാണ് കേരള സ്റ്റാർട്ടപ്പ് മിഷൻ ആദ്യ അഞ്ച് സ്ഥാനങ്ങളിൽ ഒന്ന് നേടിയത്.

2026 ഓടെ സ്റ്റാർട്ടപ്പുകളുടെ എണ്ണം 15,000 ത്തിലേക്കെത്തിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. നിലവിലുള്ള കമ്പനികളിൽ വളർച്ചാസാധ്യതയുള്ളവയെ കണ്ടെത്തി പ്രത്യേക പരിഗണന നൽകും. അതുവഴി നിലവിലുള്ളതിൽ 45 കമ്പനികളെ എങ്കിലും 800-1000 കോടി രൂപ വിറ്റുവരവുള്ളവ യായി വളർത്താനും ലക്ഷ്യമിടുന്നു. ഇതിനായി സ്റ്റാർട്ടപ്പുകളെ ഗോൾഡ്, സിൽവർ, ബ്രോൺസ് എന്നിങ്ങനെ മൂന്നായി തരംതിരി ക്കാനും ഭാവിസാധ്യത അനുസരിച്ച് പ്രോത്സാഹനം നൽകാനും നടപടികൾ ആരംഭിച്ചു.

തെക്കേ ഏഷ്യയിലെ ഏറ്റവും വലിയ സ്റ്റാർട്ടപ്പ് ആൻഡ് ഇന്നോവേഷൻ ഹബ്ബ് കേരളത്തിലാണ്.

അഫോഡബിൾ ടാലന്റ്സ് റാങ്കിങ്ങിൽ കേരളം ഏഷ്യയിൽ ഒന്നാമത്

നിലവിൽ നാലായിരത്തിൽ പരം സ്റ്റാർട്ടപ്പുകൾ

പത്ത് ലക്ഷം ചതുരശ്രയടിയോളം ഇൻകുബേഷൻ സൗകര്യങ്ങൾ

40,000ൽ അധികം പേർ തൊഴിൽ ചെയ്യുന്നു.

48 ഇൻകുബേറ്ററുകൾ, 23 ഫാബ് ലാബുകൾ

2026 ഓടെ സ്റ്റാർട്ടപ്പുകളുടെ എണ്ണം 15,000 ത്തിലേക്കെത്തിക്കും

രാജ്യത്ത് സ്റ്റാർട്ടപ്പ് നയത്തിന് ആദ്യമായി രൂപം നൽകിയത് കേരളമാണ്



# എല്ലാവർക്കും ഭൂമി എല്ലാവർക്കും രേഖ




ഭൂമിയുടെ ഉടമസ്ഥാവകാശം അർഹതയുള്ള എല്ലാവർക്കും ലഭ്യമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം നടപ്പിലാക്കുന്നതിനായി വേഗമാർന്ന നടപടികളാണ് സർക്കാർ നടപ്പിലാക്കുന്നത്. ചുവപ്പ് നാടയുടെ നൂലാമാലകളില്ലാതെ അർഹരെന്ന് കണ്ടെത്തിയ എല്ലാവർക്കും പട്ടയങ്ങൾ നൽകുന്നു. രണ്ടുവർഷം കൊണ്ട് 54,335 പട്ടയങ്ങൾ വിതരണം ചെയ്ത് സ്വന്തമായി ഭൂമിയും ഭൂമിക്കു രേഖയും ഉറപ്പാക്കുകയുമാണ്.

സംസ്ഥാനത്ത് ഇനി മുതൽ ഇ-പട്ടയങ്ങൾ ആയിരിക്കും വിതരണം ചെയ്യുക. പേപ്പറിൽ അച്ചടിച്ച പട്ടയങ്ങൾ നഷ്ടപ്പെട്ടാൽ അതിന് പകർപ്പുകൾ എടുക്കുവാൻ ബുദ്ധിമുട്ടുള്ള സാഹചര്യമുണ്ടായിരുന്നു. ഇതിനൊരു പരിഹാരമാണ് ഇ-പട്ടയം.



പട്ടയവിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഡാഷ്ബോർഡ് സജ്ജമായി വരുന്നു




സംസ്ഥാനത്ത് ഇനി മുതൽ ഇ-പട്ടയങ്ങൾ ആയിരിക്കും വിതരണം ചെയ്യുക

പട്ടയവിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലേയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഡാഷ്ബോർഡ് സജ്ജമായി വരുന്നു. റവന്യു രേഖകളെല്ലാം ഡിജിറ്റലൈസ് ചെയ്യുന്ന പ്രക്രിയകൾ പുരോഗമിക്കുകയാണ്. വില്ലേജ് ഓഫീസ് മുതൽ സെക്രട്ടേറിയറ്റ് വരെയുള്ള സ്ഥാപനങ്ങൾ സമ്പൂർണ്ണമായി ഡിജിറ്റൽവത്കരിക്കും.

# ഒരു പൗരന് ഒരു ഇ- ആരോഗ്യരേഖ



'ഒരു പൗരന് ഒരു ഇലക്ട്രോണിക് ആരോഗ്യരേഖ' എന്ന ലക്ഷ്യത്തിലൂന്നി കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളെയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെയും കമ്പ്യൂട്ടർവൽക്കരിക്കുകയും ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ ശൃംഖലയുമായി ബന്ധിപ്പിക്കുകയും ചെയ്യുന്ന ബൃഹദ് പദ്ധതിയാണ് 2016-ൽ ആരംഭിച്ച ഇ-ഹെൽത്ത് കേരള. ഇതുപോലെ സമഗ്രമായ പദ്ധതി മറ്റൊരു സംസ്ഥാനത്തും ഇപ്പോൾ നിലവിലില്ല.

509 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് പദ്ധതി നടപ്പാക്കിവരുന്നു. അതിൽ 283 ആശുപത്രികളിലും ഈ സർക്കാരിന്റെ കാലത്ത്.



കാൻസർ രോഗനിർണയത്തിനും ക്യാൻസർ ചികിത്സ ഏകോപിപ്പിക്കുന്നതിനും ക്യാൻസർ ഗ്രിഡ്, ക്യാൻസർ കെയർ സ്യൂട്ട് നടപ്പിലാക്കി



509 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കി വരുന്നു

- ഓൺലൈൻ ഒപി ടിക്കറ്റ് യാഥാർഥ്യമാക്കി.
- പേപ്പർ രഹിത ആശുപത്രി സേവനം യാഥാർഥ്യമാക്കി.
- ജീവിതശൈലീ രോഗനിർണയത്തിന് ശൈലീ ആപ്പ്.
- ക്യാൻസർ രോഗനിർണയത്തിനും ക്യാൻസർ ചികിത്സ ഏകോപിപ്പിക്കുന്നതിനും ക്യാൻസർ ഗ്രിഡ്, ക്യാൻസർ കെയർ സ്യൂട്ട് നടപ്പിലാക്കി.
- സംസ്ഥാനത്തെ ഇ സഞ്ജീവനി ഡോക്ടർ ടു ഡോക്ടർ സേവനങ്ങൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു.
- ഇ സഞ്ജീവനി വഴി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കി.
- ലാബ് റിസൾട്ട് എസ്.എം.എസ്. ആയി ലഭിക്കുന്ന സംവിധാനം.

# ആരോഗ്യസുരക്ഷ സമഗ്രം

സംസ്ഥാന സർക്കാർ ജീവനക്കാരും പെൻഷൻകാരും അവരുടെ ആശ്രിതരും ഉൾപ്പെടെ 30 ലക്ഷത്തോളം ഗുണഭോക്താക്കൾക്കായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് 'മെഡിസെപ്. 11 ലക്ഷത്തിലധികംപേർ അംഗങ്ങളായിട്ടുള്ള മെഡിസെപിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള 479 സർക്കാർ/സ്വകാര്യആശുപത്രികളുടെ സേവനം ലഭ്യമാകുന്നുണ്ട്.

ഗുരുതരരോഗങ്ങളുടെ ചികിത്സയ്ക്കും അവയവമാറ്റമുൾപ്പടെയുള്ള ശസ്ത്രക്രിയയ്ക്കുമായി 30 കോടി രൂപയുടെ കോർപ്പസ് ഫണ്ടും മെഡിസെപ്പിന്റെ ഭാഗമായി രൂപവൽക്കരിച്ചിട്ടുണ്ട്.

21 വയസ് മുതൽ 104 വയസ് വരെയുള്ളവർ പങ്കാളികളായ, പ്രതിമാസം വെറും 500 രൂപ മാത്രം ഈടാക്കുന്ന, 1000 ത്തിൽപ്പരം രോഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത് എന്നത് മെഡിസെപ്പിനെ സവിശേഷമായ ആരോഗ്യപരിരക്ഷ പദ്ധതിയാക്കുന്നു. ആകെ 2,20,860 ക്ലെയിമുകളിലായി 591 കോടി രൂപയുടെ പരിരക്ഷയാണ് ഇതുവരെ അംഗീകരിച്ചത്. ഇതിൽ സർക്കാർ മേഖലയിലെ ക്ലെയിമുകൾ 18,153 എണ്ണവും അംഗീകരിച്ച തുക 39 കോടി 52 ലക്ഷത്തിലധികം രൂപയുമാണ്.



ഗുരുതരരോഗങ്ങളുടെ ചികിത്സയ്ക്കും അവയവമാറ്റമുൾപ്പടെയുള്ള ശസ്ത്രക്രിയയ്ക്കുമായി 30 കോടി രൂപയുടെ കോർപ്പസ് ഫണ്ടും മെഡിസെപ്പിന്റെ ഭാഗമായി രൂപവൽക്കരിച്ചിട്ടുണ്ട്



മെഡിസെപ്
മൊബൈൽ
ആപ്ലിക്കേഷനും
പുറത്തിറക്കി
യിട്ടുണ്ട്

സ്വകാര്യമേഖലയിൽ 2,02,707 ക്ലെയിമുകളിലായി 551 കോടിയിലധികം രൂപ അംഗീകരിച്ചു. ഗുരുതര രോഗങ്ങൾക്കുള്ള പാക്കേജ് വിഭാഗത്തിൽ 1,853 ക്ലെയിമുകളിലായി 38 കോടിയിലധികം രൂപ അംഗീകരിച്ചു കഴിഞ്ഞു.

കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി മെഡിസെപ് മൊബൈൽ ആപ്ലിക്കേഷനും പുറത്തിറക്കിയിട്ടുണ്ട്.

# തീരമണയുന്ന കരുതൽ



കടലോര ജനതയുടെ സുരക്ഷയും മികവുറ്റ ജീവിതസാഹചര്യവും ഉറപ്പാക്കുന്നതിന് അനേകം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. മൂല്യവർധിത മത്സ്യ ഉൽപന്നങ്ങളുടെ വിപണനം വിപുലീകരിക്കുന്നതിനും വിദേശ രാജ്യങ്ങളിലേക്കുള്ള കയറ്റുമതി നടത്താനുള്ള പ്രവർത്തനങ്ങൾ ഊർജിതമാക്കി. മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ-ആഴക്കടൽ ബോട്ട് യൂണിറ്റിന് സബ്സിഡി, 40,000 ലൈഫ് ജാക്കറ്റും 240 സാറ്റ്ലൈറ്റ് ഫോണും, മറൈൻ ആംബുലൻസുകൾ,100 റെസ്ക്യൂ സ്ക്വാഡുകൾ, കാലാവസ്ഥാ മുന്നറിയിപ്പ് മൂലം തൊഴിൽ ദിനങ്ങൾ നഷ്ടപ്പെട്ടതിന് നഷ്ടപരിഹാരവും കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധന ദിനങ്ങൾ നഷ്ടപ്പെട്ടതിന് സഹായവും നൽകി.

- അനുബന്ധ തൊഴിലാളിലാളികൾക്കും സഹായം
- കാലവർഷത്തെ തുടർന്ന് മത്സ്യബന്ധനം നിരോധിച്ച 15 ദിവസങ്ങൾക്കു സഹായം
- തീരശോഷണത്താൽ വിഴിഞ്ഞം മേഖലയിൽ വീടുകൾ നഷ്ടപ്പെട്ട് ക്യാമ്പുകളിലും വാടക വീടുകളിലും കഴിയുന്ന 284 കുടുംബങ്ങൾക്ക് പ്രതിമാസം 5500/ രൂപ നിരക്കിൽ വാടക നൽകി.
- വകുപ്പിൽ ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തി.

**മത്സ്യം കേടുകൂടാതെ കരയ്ക്കെത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ-ആഴക്കടൽ ബോട്ട് യൂണിറ്റിന് സബ്സിഡി**

# പുനർഗേഹം

തീരദേശത്തുനിന്ന് നിലവിൽ 50 മീറ്റർ പരിധിയിൽ താമസിക്കുന്ന കുടുംബങ്ങളെയാണ് പുനർഗേഹം പദ്ധതിയിലൂടെ മാറ്റിപ്പാർപ്പിക്കുന്നത്. പദ്ധതിയിലൂടെ 8,675 കുടുംബങ്ങളാണു സുരക്ഷിത മേഖലകളിലേക്കു മാറിത്താമസിക്കാൻ സന്നദ്ധതയറിയിച്ചിട്ടുള്ളത്. ആറ് ലക്ഷം രൂപ സ്ഥലം വാങ്ങുന്നതിനും നാല് ലക്ഷം രൂപ വീട് വെക്കുന്നതിനും എന്ന നിലയിൽ 10 ലക്ഷം രൂപയാണ് ഓരോ കുടുംബങ്ങൾക്കും ഗഡുക്കളായി വിതരണം ചെയ്തത്. അതോടൊപ്പം ഫ്ളാറ്റുകൾ നിർമ്മിച്ചു പുനരധിവസിപ്പിക്കുന്ന പദ്ധതിയുമുണ്ട്. നിലവിൽ 1,931 ഭവനങ്ങളുടെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ട്. 3,292 കുടുംബങ്ങൾക്കു വേണ്ട ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തിയാക്കി. 3,921 കുടുംബങ്ങൾക്ക് ആവശ്യമായ ഭൂമിയുടെ വില നിശ്ചയിച്ചു.

പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട്, ബീമാപ്പള്ളി എന്നിവിടങ്ങളിൽ 148, മലപ്പുറം പൊന്നാനിയിൽ 128, കൊല്ലം ക്യുഎസ്എസ് കോളനിയിൽ 114 ഫ്ളാറ്റുകൾ ഉൾപ്പെടെ 390 ഫ്ളാറ്റുകൾ ഗുണഭോക്താക്കൾക്കു കൈമാറി. മുട്ടത്തറയിൽ 2018ൽ നിർമ്മാണം പൂർത്തിയാക്കി കൈമാറിയ 192 ഫ്ളാറ്റുകൾക്കു പുറമേയാണിത്. ആലപ്പുഴ മണ്ണുംപുറത്ത് 228 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുകയാണ്. ഇതിനു പുറമേ 956 ഫ്ളാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുമുണ്ട്. വലിയതുറയിലും വേളിയിലും 192 ഫ്ളാറ്റുകളുടെ നിർമ്മാണത്തിനുള്ള അനുമതി വൈകാതെ ലഭ്യമാകും. ഈ 100 ദിന കർമ്മപരിപാടിയുടെ ഭാഗമായി മലപ്പുറം പൊന്നാനിയിൽ 100, കോഴിക്കോട് വെസ്റ്റ് ഹില്ലിൽ 80, കാസർകോഡ് കോയ്പാടിയിൽ 144ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. മുട്ടത്തറയിൽ എട്ട് ഏക്കറിൽ 50 കെട്ടിട സമുച്ചയങ്ങളിലായാണു 400 കുടുംബങ്ങളെ പുനരധിവസിപ്പിക്കുക. കോമൺ യൂട്ടിലിറ്റി ഉൾപ്പെടെ 635 ചതുരശ്ര അടി വിസ്തീർണമാണ ഓരോ യൂണിറ്റിലും വിഭാവനം ചെയ്തിരിക്കുന്നത്.

**തിരുവനന്തപുരം ജില്ലയിൽ കാരോട്, ബീമാപ്പള്ളി എന്നിവിടങ്ങളിൽ 148, മലപ്പുറം പൊന്നാനിയിൽ 128, കൊല്ലം ക്യു.എസ്.എസ് കോളനിയിൽ 114 ഫ്ളാറ്റുകൾ ഉൾപ്പെടെ 390 ഫ്ളാറ്റുകൾ**



# ദരിദ്രരില്ലാത്ത കേരളം

ഇന്ത്യയിലാദ്യമായി അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്ന സംസ്ഥാനം എന്ന ലക്ഷ്യം കൈവരിക്കാൻ ഒരുങ്ങുകയാണ് കേരളം. രാജ്യത്തുതന്നെ ദരിദ്രരുടെ എണ്ണം ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം. നീതി ആയോഗിന്റെ പഠനപ്രകാരം ദാരിദ്ര്യത്തിന്റെ ദേശീയ ശരാശരി 25% ആണെങ്കിൽ കേരളത്തിൽ 0.71% മാത്രമാണ്. ഹ്രസ്വകാല, ദീർഘകാലപദ്ധതികളിലൂടെ ഈ അതിദാരിദ്ര്യവും നിർമ്മാർജനം ചെയ്യാൻ പദ്ധതി ആവിഷ്കരിച്ചിരിക്കുകയാണ് സംസ്ഥാനം. 64,006 കുടുംബങ്ങൾക്കാണ് പദ്ധതിയിലൂടെ ആശ്വാസം ലഭിക്കുക.

ഉടൻ നടപ്പിലാക്കേണ്ടവ, ഹ്രസ്വകാലത്തിൽ പൂർത്തിയാക്കേണ്ടവ, ദീർഘകാലത്തിനുള്ളിൽ ഉറപ്പാക്കേണ്ടവ എന്നിങ്ങനെ തരംതിരിച്ചാണ് അതിദാരിദ്ര്യ നിർമ്മാർജനത്തിനുള്ള പ്രവർത്തനങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. അതിൽ ഏറെ വേഗത്തിൽ നടപ്പാക്കേണ്ട ഒന്നായിരുന്നു കൈവശാവകാശ രേഖകൾ ലഭ്യമാക്കൽ. 2,553 കുടുംബങ്ങൾക്ക് ഇതുവഴി റേഷൻ കാർഡും 3,125 പേർക്ക് ആധാർ കാർഡും 3,174 പേർക്ക് തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡും ലഭ്യമാക്കി. അതിദരിദ്രരിൽപ്പെട്ട 887 പേർക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിച്ചു. 1,281 പേർക്ക് ആരോഗ്യ ഇൻഷുറൻസ് കാർഡും 777 പേർക്ക് ബാങ്ക് അക്കൗണ്ടും 1,174 പേർക്ക് തൊഴിലുറപ്പ് തൊഴിൽ കാർഡും ലഭ്യമാക്കി. മൂന്ന് പേർക്ക് ട്രാൻസ്ജൻഡർ തിരിച്ചറിയൽ കാർഡ് നൽകി. 198 പേർക്ക് പാചകവാതക കണക്ഷനും 118 പേർക്ക് വൈദ്യുതി കണക്ഷനും നൽകി. 45 പേർക്ക് പ്രോപ്പർട്ടി സർട്ടിഫിക്കറ്റും നൽകി. 193 പേർക്ക് ഭിന്നശേഷി തിരിച്ചറിയൽ കാർഡുകൾ നൽകി. 391 പേരെ കുടുംബശ്രീയുടെ ഭാഗമാക്കി.

വീട് ലഭിക്കാൻ അർഹതയുണ്ടായിട്ടും ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിക്കാൻ കഴിയാതിരുന്ന, വീട് മാത്രം ആവശ്യമുള്ള 5,724 കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള 5,616 കുടുംബങ്ങളെയും ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തി. ഭക്ഷണം ആവശ്യമുള്ളവരും എന്നാൽ പാചകം ചെയ്തു കഴിക്കാൻ സാഹചര്യമില്ലാത്തവരുമായ



വീട് ലഭിക്കാൻ അർഹതയുണ്ടായിട്ടും ലൈഫ് ഭവന പദ്ധതിയിൽ അപേക്ഷിക്കാൻ കഴിയാതിരുന്ന, വീട് മാത്രം ആവശ്യമുള്ള 5,724 കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള 5,616 കുടുംബങ്ങളെയും ലൈഫ് ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തി





രാജ്യത്തുതന്നെ ദരിദ്രരുടെ എണ്ണം ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളം

അതിദരിദ്ര കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണവും അല്ലാത്തവർക്ക് ഭക്ഷ്യകിറ്റും നൽകുന്നുണ്ട്.

മൂന്നു മാസം മുതൽ രണ്ടു വർഷം വരെയുള്ള കാലയളവുകൊണ്ട് ചെയ്യാവുന്ന പദ്ധതികളാണ് ഹ്രസ്വകാല പദ്ധതികളിൽ ഉൾപ്പെടുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പഠന സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിരമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലയായവ ഇതിൽ ഉൾപ്പെടുന്നു. രണ്ട് വർഷക്കാലയളവി നുള്ളിൽ പൂർത്തിയാക്കാൻ കഴിയാത്ത പദ്ധതികളാണ് ദീർഘകാല സമഗ്ര പദ്ധതിയിൽ ഉൾപ്പെടുന്നത്. ഭക്ഷണം, പാർപ്പിടം, ആരോഗ്യം, പുനരധിവാസം, വരുമാനം തുടങ്ങിയവയ്ക്ക് മുഖ്യ പരിഗണന നൽകിക്കൊണ്ടുള്ള മൈക്രോ പ്ലാനുകളുടെ നിർവഹണപ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപനതലങ്ങളിൽ ആരംഭിച്ചു കഴിഞ്ഞു.

പദ്ധതിപ്രവർത്തനങ്ങൾ വാർഡുതലം മുതൽ സംസ്ഥാനതലം വരെ മോണിറ്റർ ചെയ്യുന്നതിനായി ഒരു വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്.

# കേരളപ്പെരുമയിൽ നവചാരുതകൾ

കേരളത്തിന്റെ പെരുമ ലോകസമക്ഷം എത്തിക്കുന്നതിനും നാടിന് വരുമാനം നേടാനാകും വിധമാണ് ടൂറിസം പദ്ധതികൾ. മികച്ച സൗകര്യങ്ങളും ഒരുക്കുന്നു. കാരവൻ ടൂറിസം പോലെയുള്ള നവീന പദ്ധതികൾക്ക് പ്രിയമേറുകയാണ്. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ മുമ്പെങ്ങുമില്ലാത്ത വർധനയാണ് കേരളത്തിൽ. 2022 ൽ ആകെ രണ്ട് കോടിയോളം ആഭ്യന്തര സഞ്ചാരികളും മൂന്നര ഇരട്ടിയോളം വിദേശസഞ്ചാരികളും കേരളത്തിലെത്തി. പ്രവർത്തനമികവിന്റെ സാക്ഷ്യമായി ഒട്ടനവധി ദേശീയ–അന്തർദേശീയ ടൂറിസം പുരസ്കാരങ്ങളുടെ നിറവിലാണ് കേരളത്തിലെ വിനോദസഞ്ചാര രംഗം.

## കാരവാൻ ടൂറിസം

കേരള ടൂറിസത്തിന്റെ അതിജീവനം സാധ്യമാക്കി ഈ സർക്കാർ ആരംഭിച്ച കാരവാൻ ടൂറിസത്തിന് മികച്ച പ്രതികരണമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. സുരക്ഷിത യാത്ര, അൺ എക്സ്പ്ലോർഡ് ഡെസ്റ്റിനേഷനുകളിലേക്കുള്ള യാത്ര, അടിസ്ഥാനസൗകര്യം ഒരുക്കാൻ കുറഞ്ഞ മൂലധനം തുടങ്ങിയവ കാരവൻ ടൂറിസത്തിന്റെ പ്രത്യേകതകളാണ് പ്രാദേശികമായ തൊഴിൽസാധ്യതയും കാരവാൻ ടൂറിസത്തിലൂടെ വളർന്നു.



## തദ്ദേശസ്ഥാപനത്തിൽ ഒരു വിനോദ സഞ്ചാരകേന്ദ്രം

ഒരു തദ്ദേശസ്ഥാപനത്തിൽ കുറഞ്ഞത് ഒരു വിനോദസഞ്ചാര കേന്ദ്രം എന്ന പദ്ധതി പ്രകാരം ആദ്യഘട്ടമായി 50 കോടി രൂപയാണ് ചെലവഴിക്കുക. ഇതുവരെ ഒൻപത് ഡെസ്റ്റിനേഷനുകൾക്ക് അനുമതി നൽകിക്കഴിഞ്ഞു. ചരിത്രപ്രാധാന്യമുള്ള കേന്ദ്രങ്ങൾ, സാംസ്കാരിക ഇടങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുള്ള ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ പദ്ധതി. ഒരു ഡസ്റ്റിനേഷനിൽ നിന്നും മറ്റൊന്നിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നു.

## ഉത്തരവാദിത്ത ടൂറിസം

ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി സർക്കാർ ഉടമസ്ഥതയിലുള്ള ആദ്യ സൊസൈറ്റിയായി ഉത്തരവാദിത്ത ടൂറിസം മിഷനെ മാറ്റിയിട്ടുണ്ട്. മിഷന് കീഴിൽ നിലവിൽ 24,000 പ്രാദേശിക യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 16,660 യൂണിറ്റുകൾ സ്ത്രീകളുടേതാണ്.



ഒരു തദ്ദേശസ്ഥാപനത്തിൽ കുറഞ്ഞത് ഒരു വിനോദസഞ്ചാര കേന്ദ്രം എന്ന പദ്ധതി പ്രകാരം ആദ്യഘട്ടമായി 50 കോടി രൂപയാണ് ചെലവഴിക്കുക



ടൂറിസംസ്ട്രീറ്റ് പദ്ധതി ആദ്യഘട്ടമായി 10 ഇടങ്ങളിൽ നടപ്പിലാക്കുന്നു

1,50,000 കുടുംബങ്ങൾക്ക് ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി വരുമാനം ലഭിക്കുന്നു. സ്ത്രീ സൗഹാർദ വിനോദസഞ്ചാരപദ്ധതി ആരംഭിച്ചു. 2,800 വനിതകൾ ഇതിനകം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കാർഷിക സംസ്കൃതി കൂടി വിനോദസഞ്ചാര മേഖലയുടെ ഭാഗമാക്കുന്ന അഗ്രി ടൂറിസം നെറ്റ്‌വർക്കിൽ 494യൂണിറ്റുകൾ ആരംഭിച്ചു. ഇന്ത്യയിൽ ആദ്യമാണ് ഇത്തരമൊരു പദ്ധതി.

- ടൂറിസം സ്ട്രീറ്റ് പദ്ധതി ആദ്യഘട്ടമായി 10 ഇടങ്ങളിൽ നടപ്പിലാക്കുന്നു
- അന്തർദേശീയ കയാക്കിങ് മത്സരമായ മലബാർ റിവർ ഫെസ്റ്റിവലിൽ 20 വിദേശ രാജ്യങ്ങളിൽ നിന്നായി 100 അന്തർദേശീയ കയാക്കർമാരും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 200 ദേശീയ കയാക്കർമാരും പങ്കെടുത്തു.
- ദേശീയ-അന്തർദേശീയ മേഖലയിൽ ശ്രദ്ധേയമായ വള്ളം കളികൾ കോവിഡാനന്തരം സജീവമായി സംഘടിപ്പിച്ചു.
- 2022 ലെ ബിനാലെ കൂടുതൽ സജീവമാക്കി നടത്താനായി എയർ ഇന്ത്യയുമായി ചേർന്ന് വിമാനത്തിൽ ബിനാലെ പെയിന്റിങ് സൃഷ്ടിച്ചതും ശ്രദ്ധേയമായി.
- 69 രാജ്യങ്ങളിൽ നിന്ന് ടൂറിസവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന 300 സ്ഥാപനങ്ങൾ ട്രാവൽ മാർട്ടിൽ പങ്കെടുത്തു.
- സഞ്ചാരികൾക്കു ആവശ്യമായ വിവരങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കാൻ ഉതകുന്ന വാട്സ്ആപ്പ് ചാറ്റ് ബോട്ട് 'മായ' യുടെ പ്രവർത്തനം ആരംഭിച്ചു.
- ജലസാഹസിക ടൂറിസത്തിന്റെ ഭാഗമായി ജില്ലകളിലെ ഓരോ ബീച്ചുകളിൽ ഫ്ളോട്ടിങ് ബ്രിഡ്ജ് ആരംഭിക്കും. ബേപ്പൂർ, മുഴപ്പിലങ്ങാടി ബീച്ചുകളിൽ തുടങ്ങി.
- ട്രാവൻകൂർ ഹെറിറ്റേജ് പദ്ധതി, മുസിരിസ് ഹെറിറ്റേജ് പദ്ധതി, തലശ്ശേരി ഹെറിറ്റേജ് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
- ബേപ്പൂരിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ സ്മാരകനിർമ്മാണം പുരോഗമിക്കുന്നു.
- മലബാറിന്റെ ടൂറിസം സാധ്യതകൾ പുറംലോകത്തിനു പരിചയപെടുത്തുന്നതിനായി ദേശീയ-അന്തർദേശീയ തലത്തിൽ പ്രവർത്തി ക്കുന്ന 500 ടൂർ ഓപ്പറേറ്റർക്കായുള്ള 'ഫാം ടു മലബാർ 500 പദ്ധതി നടപ്പിലാക്കി വരുന്നു

# തൊഴിലുറപ്പിലെ കേരളമാതൃക



മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിദിനങ്ങൾ പരമാവധി ഉറപ്പാക്കാനായി. തൊഴിലുറപ്പുതൊഴിലാളികൾക്ക് ക്ഷേമനിധി, പട്ടികവർഗകുടുംബങ്ങൾക്ക് 100 അധിക തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്ന സംസ്ഥാനം എന്നീ ഖ്യാതികളും കേരളത്തിന് സ്വന്തം.

തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇതുവരെ 7.4721 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. 14.92 ലക്ഷം കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം 11 ലക്ഷം തൊഴിൽദിനങ്ങൾ കേരളത്തിൽ സൃഷ്ടിച്ചു.

രാജ്യത്ത് ആദ്യമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി. സംസ്ഥാനത്ത് 26 ലക്ഷം തൊഴിലാളികൾ ഗുണഭോക്താക്കളാകും. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികളും അയ്യൻകാളി നഗര തൊഴിലുറപ്പ് തൊഴിലാളികളും ക്ഷേമനിധിയിലുണ്ടാകും. നിശ്ചിതതുക ക്ഷേമനിധിയിലേക്ക് തൊഴിലാളികളും സംസ്ഥാന സർക്കാരും തദ്ദേശസ്ഥാപനങ്ങളും സംഭാവന ചെയ്യും.

പ്രസവാനുകൂല്യം, ചികിത്സാ സഹായം, ആരോഗ്യ ഇൻഷുറൻസ് മരണാനന്തര സഹായം, പഠനാനുകൂല്യങ്ങൾ എന്നിവ ക്ഷേമനിധി



തൊഴിലുറപ്പ് പദ്ധതി പ്രകാരം ഇതുവരെ 7.4721കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചു. കഴിഞ്ഞ സാമ്പത്തിക വർഷം11 ലക്ഷം തൊഴിൽദിനങ്ങൾ കേരളത്തിൽ സൃഷ്ടിച്ചു



രാജ്യത്ത് ആദ്യമായി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തി

ബോർഡിലൂടെ ലഭ്യമാക്കും. ബോർഡ് പ്രാബല്യത്തിലായത് 2023 ജനുവരി മുതൽ.

18 വയസ്സ് പൂർത്തിയായ തൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗത്വമെടുക്കാം. 55 വയസ്സുവരെ ക്ഷേമനിധി വിഹിതമടയ്ക്കാം. 60 വയസ്സാകുന്നതോടെ മിനിമം പെൻഷൻ ഉറപ്പാകും. ഉയർന്ന പ്രായപരിധിയില്ലാത്തതിനാൽ 60 പിന്നിട്ടവർക്കും തൊഴിലെടുക്കാം.

തൊഴിലാളികൾക്ക് വേതനം വൈകിയാൽ നഷ്ടപരിഹാരം നൽകാൻ നിയമവ്യവസ്ഥ കൊണ്ടുവന്നു. 15 ദിവസത്തിനുള്ളിൽ വേതനം നൽകിയില്ലെങ്കിൽ വൈകുന്ന ഓരോ ദിവസത്തിനും 0.5 ശതമാനം വെച്ച് നഷ്ടപരിഹാരം നൽകണം. ഇത് ദേശത്തിന് മാതൃക

- രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന സംസ്ഥാനം
- കാർഷിക – കാർഷികേതര മേഖലകളിലും ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്ന സംസ്ഥാനം
- ഈ സർക്കാർ 11 മേഖലകളിൽ കുറഞ്ഞ വേതനം പുതുക്കി നിശ്ചയിച്ചു
- ആദ്യമായി മാധ്യമമേഖലയിലും ടി എം ടി സ്റ്റീൽ മേഖലയിലും കുറഞ്ഞ വേതനം നിശ്ചയിച്ചു
- രാജ്യത്ത് ആദ്യമായി തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ഷേമനിധി
- 26 ലക്ഷം തൊഴിലാളികൾ ഗുണഭോക്താക്കൾ
- അതിഥിത്തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ് നൽകുന്ന ഏക സംസ്ഥാനം

# രോഗീസൗഹൃദ കേരളം

മഹാമാരികളിൽ പോലും ഉലയാത്ത കരുത്താണ് ഇപ്പോൾ കേരളത്തിലെ ആരോഗ്യരംഗത്തിന്റെ മുഖമുദ്ര. ചികിത്സാകേന്ദ്രങ്ങളുടെ ആധുനികീകരണം മുതൽ വിപുലീകരണം വരെ അതിവേഗത്തിലാണ് സാധ്യമാക്കിയത്. സ്പെഷ്യാലിറ്റി ചികിത്സാസംവിധാനവും ആധുനികീകരിച്ചു. പകർച്ചരോഗപ്രതിരോധത്തിലും ഏറെ മുന്നേറാൻ കഴിഞ്ഞു.

ജീവിതശൈലീ രോഗനിർണയത്തിന് ശൈലീ ആപ്പ് വികസിപ്പിച്ചു. ഒരു കോടിയോളം ജനങ്ങൾക്ക് ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തി ജീവിതശൈലി രോഗനിർണ്ണയ സ്ക്രീനിങ്ങ് നടത്തി.

കേരള ക്യാൻസർ രജിസ്ട്രി തയ്യാറാക്കി. 25ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം.

വീടുകളിൽ സൗജന്യ ഡയാലിസിസ് ചെയ്യാൻ സാധിക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി 12 ജില്ലകളിൽ ആരംഭിച്ചു 10 ജില്ലകളിൽ സൗജന്യ സ്ട്രോക്ക് ചികിത്സ യാഥാർഥ്യമാക്കി.



ജീവിതശൈലീ രോഗനിർണയത്തിന് ശൈലീ ആപ്പ് വികസിപ്പിച്ചു. ഒരു കോടിയോളം ജനങ്ങൾക്ക് ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തി ജീവിതശൈലി രോഗ നിർണ്ണയ സ്ക്രീനിങ്ങ് നടത്തി.



ഏറ്റവും കുറവ് മാതൃ, ശിശുമരണമുള്ള സംസ്ഥാനം. മാതൃശിശു സൗഹൃദ ആശുപത്രി ഇനിഷ്യേറ്റീവ് രാജ്യത്ത് ആദ്യം.

- ദേശീയ സാമൂഹിക പുരോഗതി റിപ്പോർട്ടിൽ ആരോഗ്യ പരിചരണത്തിലും പോഷകാഹാരത്തിലും കേരളം മുന്നിൽ.
- ഇന്ത്യയിൽ ആദ്യമായി വൺ ഹെൽത്ത് പദ്ധതി നടപ്പിലാക്കി.
- ആന്റി ബയോഗ്രാം പുറത്തിറക്കുന്ന രാജ്യത്തെ ആദ്യസംസ്ഥാനം.
- സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ യാഥാർഥ്യമാക്കി.
- ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, മെഡിക്കൽ പ്രാക്ടീഷ്യനേഴ്സ്, പകർച്ചവ്യാധി പ്രതിരോധം ബില്ലുകൾ യാഥാർഥ്യമാക്കി.
- എല്ലാ പ്രാഥമികാരോഗ്യ, കുടുംബാരോഗ്യ കേന്ദ്രങ്ങളേയും



കേരള ക്യാൻസർ രജിസ്ട്രി തയ്യാറാക്കി. 25 ആശുപത്രികളിൽ ക്യാൻസർ ചികിത്സയ്ക്കുള്ള സൗകര്യം

ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളാക്കി ഉയർത്തി.

- എല്ലാ അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകളേയും ഹെൽത്ത് ആന്റ് വെൽനസ് സെന്ററുകളായി ഉയർത്തി.

• ആദിവാസി മേഖലകളിലെ സമഗ്ര ആരോഗ്യ വികസന പ്രവർത്തനങ്ങൾക്കായി 11.78 കോടി അനുവദിച്ചു.

• ജില്ല, ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി. മെഡിക്കൽ കോളേജുകളുടെ സേവന നിലവാരം മെച്ചപ്പെടുത്തുന്നതിന് ക്വാളിറ്റി ഇംപ്രൂവ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു.




• ഇന്ത്യയിൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആദ്യമായി കോട്ടയം മെഡിക്കൽ കോളേജിൽ ഡിഎം ഇൻഫെക്ഷ്യസ് ഡിസീസ് കോഴ്സ് ആരംഭിച്ചു.

• സർക്കാർ മേഖലയിൽ ആദ്യമായി എസ്.എം.എ. (സ്പൈനൽ മസ്കുലാർ അട്രോഫി) ക്ലിനിക് തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ ആരംഭിച്ചു.

• കേരള ജീനോം ഡാറ്റാ സെന്റർ, മൈക്രോബയോം മികവിന്റെ കേന്ദ്രം തുടങ്ങി.

• അന്താരാഷ്ട്ര നിലവാരമുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.

• തിരുവനന്തപുരത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിയിൽ 16 ലാബുകളാണ് സജ്ജീകരിക്കുന്നത്. എട്ട് ലാബുകൾ പൂർത്തിയായി.വൈറോളജി പരിശോധനകളും ഗവേഷണങ്ങളും എളുപ്പമാകും.

# പൊതുവിദ്യാഭ്യാസം അന്തർദേശീയ നിലവാരത്തിൽ



വിദ്യാഭ്യാസ രംഗത്ത് രാജ്യത്തിന് മാതൃകയാക്കാവുന്ന വളർച്ചയാണ് കേരളം രേഖപ്പെടുത്തിപ്പോരുന്നത്. പൊതുവിദ്യാഭ്യാസ ശാക്തീകരണമാണ് നേട്ടങ്ങൾക്ക് പിന്നിൽ. ആധ്യാപന നിലവാരത്തിലെ മികവിനൊപ്പം വിദ്യാലയങ്ങളുടെ ഭൗതികസാഹചര്യവികസനവും സാധ്യമാക്കി. സ്മാർട്ട് ക്ലാസ്റൂമുകൾ പഠനം സുഗമമാക്കി. കോവിഡ് പ്രതിസന്ധി മറികടക്കാനായി തുടങ്ങിയ ഓൺലൈൻ പഠനസംവിധാനം പഠനരീതിയുടെ പരമ്പരാഗതസങ്കല്പങ്ങളെ മാറ്റി മറിച്ചു. പാഠ്യപദ്ധതി പരിഷ്കരണവും നടപ്പിലാക്കുകയാണ്. 2024ൽ പുതിയ പുസ്തകങ്ങൾ ലഭിക്കും.

വിദ്യാകിരണം പദ്ധതി വഴി 47613 ലാപ്ടോപ്പുകളും ഹൈടെക് പദ്ധതി വഴി 16500 ലാപ്ടോപ്പുകളും രണ്ടു വർഷത്തിനുള്ളിൽ നൽകി.

രണ്ട് വർഷത്തിനുള്ളിൽ 120 ലധികം സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തിയാക്കി.



പ്രീ പ്രൈമറി മുതൽ എട്ടാം തരം വരെയുള്ള വിദ്യാർഥികൾക്ക് അഞ്ച് കിലോ അരി സൗജന്യമായി നൽകി. 28.74 ലക്ഷം കുട്ടികൾക്ക് ആനുകൂല്യം ലഭിക്കും

പാഠപുസ്തകവും യൂണിഫോമും മധ്യവേനലവധിക്ക് മുന്നേ ഉറപ്പാക്കി. പുസ്തകങ്ങളിൽ അക്ഷരമാല ഉൾപ്പെടുത്തി.

ഓൺലൈൻ ഡിജിറ്റൽ പഠനം കൂടുതൽ കാര്യക്ഷമമാക്കി. ഫസ്റ്റ് ബെൽ 2.0 എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചു. ഓൺലൈൻ പഠനം എല്ലാ വിദ്യാർഥികളിലേക്കും എത്തിക്കാൻ



ഓൺലൈൻ ഡിജിറ്റൽ പഠനം കൂടുതൽ കാര്യക്ഷമമാക്കി. ഫസ്റ്റ് ബെൽ 2.0 എന്ന പേരിൽ ഡിജിറ്റൽ ക്ലാസുകൾ ആരംഭിച്ചു.

ആപ്ലിക്കേഷൻ പ്രാവർത്തികമാക്കി.

സംസ്ഥാനത്ത് ഹയർ സെക്കൻഡറി എസ്എസ്എൽസി പരീക്ഷകൾ പരീക്ഷാഫലം എന്നിവ സമയബന്ധിതമായി പൂർത്തിയാക്കി.

പ്രീ പ്രൈമറി മുതൽ എട്ടാം തരം വരെയുള്ള വിദ്യാർഥികൾക്ക് അഞ്ച് കിലോ അരി സൗജന്യമായി നൽകി. 28.74 ലക്ഷം കുട്ടികൾക്ക് ആനുകൂല്യം ലഭിക്കും.

8 -ാംക്ലാസ്സ് മുതൽ 12 -ാംക്ലാസ്സു വരെയുള്ള പട്ടികജാതി വിദ്യാർഥികൾക്കായി 9122 പഠന മുറികൾ പൂർത്തീകരിച്ചു. പട്ടികവർഗ വിഭാഗത്തിന് 322 സാമൂഹ്യ പഠനമുറികളും പൂർത്തിയാക്കി. അഞ്ചാംക്ലാസ്സ് മുതലുള്ള വിദ്യാർഥികൾക്കും കേന്ദ്രീയ വിദ്യാലയങ്ങളിലെ പട്ടികജാതി വിദ്യാർഥികൾക്കും പഠനമുറി ആനുകൂല്യം അനുവദിച്ചു.

# പുതിയ പാതകൾ ഗുണനിലവാരത്തോടെ

അതിവേഗ ജീവിതക്രമത്തിനൊപ്പം വികസിക്കുകയാണ് കേരളത്തിലെ റോഡുകളും. പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഗുണനിലവാരമുള്ള ഉറപ്പാർന്ന പാതകളാണ് നാടാകെ. ബൈപ്പാസുകളും ഗ്രാമീണ റോഡുകളും ആധുനിക സംവിധാനങ്ങൾ വഴിയാണ് നിർമ്മിച്ചിട്ടുള്ളത്. ബി.എം ആന്റ് ബി.സി സംവിധാനത്തിലാണ് പാതകളുടെ ദൃഢതയും ഗുണമേന്മയും ഉറപ്പാക്കിയത്. രണ്ട് വർഷം പൂർത്തിയാകുമ്പോൾ മൂവായിരം കിലോ മീറ്ററോളം റോഡാണ് ബി എം ആന്റ് ബി സി നിലവാരത്തിലേക്ക് ഉയർത്തിയത്.



പൊതുജനത്തിന് പരാതി നൽകാൻ നിരത്തുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ നമ്പറുകൾ പ്രദർശിപ്പിക്കുന്ന രീതിക്കും സംസ്ഥാനത്ത് തുടക്കമായി.

റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ഒട്ടനവധി പരിഷ്കാരങ്ങൾ കൊണ്ടുവന്നു. റോഡുകളിൽ ഡി.എൽ.പി പരസ്യപ്പെടുത്തുന്ന ബോർഡുകൾ സ്ഥാപിച്ചു. റോഡുകളുടെ പ്രവൃത്തികളിൽ എന്തെങ്കിലും അപാകത ശ്രദ്ധയിൽപെട്ടാലോ അറ്റകുറ്റപ്പണികൾ നടക്കാതെ വന്നാലോ ഡി.എൽ.പി ബോർഡിൽ പ്രദർശിപ്പിച്ച ഉദ്യോഗസ്ഥരുടെയോ, കരാറുകാരുടേയോ നമ്പറിൽ വിളിച്ച് ജനങ്ങൾക്ക് വിവരം അറിയിക്കാൻ കഴിയും. റോഡുകൾ മികച്ച നിലവാരത്തിൽ നിലനിർത്താൻ സാധിക്കുന്നു.

പൊതുജനത്തിന് പരാതി നൽകാൻ നിരത്തുകളിൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ നമ്പറുകൾ പ്രദർശിപ്പിക്കുന്ന രീതിക്കും സംസ്ഥാനത്ത് തുടക്കമായി.






റോഡിലെ കുഴികൾ അടയ്ക്കുന്നതിനുള്ള കാലതാമസം റണ്ണിങ്ങ് കോൺട്രാക്ടിലൂടെ പരിഹരിച്ചു. കരാർ കാലാവധി കഴിഞ്ഞ റോഡു കൾക്ക് ഒരു വർഷത്തെ റണ്ണിങ്ങ് കോൺട്രാക്ട് നൽകുകയും ആ ഒരു വർഷം എല്ലാ



അറ്റകുറ്റപ്പണികളും കരാറുകാർ നിർവഹിക്കുകയും ചെയ്യും. സാധാരണ നിലയിൽ ഒരു റോഡിൽ കുഴിയുണ്ടായാൽ എസ്റ്റിമേറ്റെടുത്ത് ഫണ്ട് പാസായി വന്ന് ടെൻഡർ നടപടികൾ പൂർത്തിയാക്കണം. ഇത് ഒഴിവാക്കാൻ സാധിച്ചു.

കാലാവസ്ഥാ വ്യതിയാനത്തിന് അനുസരിച്ച് റോഡ് നിർമ്മാണം സാധ്യമാക്കാൻ ആറ് പുതിയ സാങ്കേതികവിദ്യകൾ കൂടി ഉപയോഗിക്കുന്നു. ജിയോ സെൽസ്– ജിയോ ഗ്രിഡ്സ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, മൈക്രോ സർഫസിങ്ങ്, സെഗ്മെന്റൽ ബ്ലോക്സ്, സോയിൽ നെയിലിങ്ങ്, ഹൈഡ്രോ സീഡിങ്ങ് എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താനാണ് തീരുമാനിച്ചത്. കാലാവസ്ഥ മാറ്റത്തിനനുരിച്ച് നിർമ്മാണ രീതികളിലെ മാറ്റം പഠിക്കാൻ ക്ലൈമറ്റ് സെൽ രൂപീകരിക്കുകയും ചെയ്തു.

# ലെവൽ ക്രോസില്ലാത്ത കേരളം

ലെവൽ ക്രോസുകളില്ലാത്ത കേരളം എന്നത് ഈ സർക്കാരിന്റെ സ്വപ്നമാണ്. 72 റെയിൽവെ മേൽപ്പാലങ്ങൾ നിർമ്മിക്കുകയായിരുന്നു ലക്ഷ്യം.


സംസ്ഥാന ചരിത്രത്തിൽ ആദ്യമായി 13 റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം ഒന്നിച്ച് പുരോഗമിക്കുകയാണ് സ്റ്റീൽ കോൺക്രീറ്റ് കോമ്പോസിറ്റ് സ്ട്രക്ച്ചറിലാണ് ഇവ നിർമ്മിക്കുന്നത്. കേരളത്തിലാദ്യമായാണ് ഈ രീതിയിൽ പാലം നിർമ്മിക്കുന്നത്.

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് റെയിൽവെ മേൽപാലം ഇതിനകം പ്രവൃത്തി പൂർത്തിയായി. കാരിത്താസ്, മുളന്തുരുത്തി, തിരൂർ നിർമ്മാണം നടക്കുന്നു

കിഫ്ബി ഫണ്ട് ഉപയോഗിച്ച് 67 റെയിൽവെ മേൽപ്പാലങ്ങളാണ് നിർമ്മിക്കുന്നത്. കൊടുവള്ളി, താനൂർ-തെയ്യാല, അകത്തേത്തറ, ചിറങ്ങര, ഗുരുവായൂർ, മാളിയേക്കൽ എന്നിവിടങ്ങളിൽ പൈലിങ്ങ് പൂർത്തിയാക്കി. വാടാനംകുറിശ്ശി, ഇരവിപുരം, ചിറയിൻകീഴ് എന്നിവിടങ്ങളിൽ

കിഫ്ബി ഫണ്ട് ഉപയോഗിച്ച് 67 റെയിൽവെ മേൽപാലങ്ങളാണ് നിർമ്മിക്കുന്നത്.





പൈലിങ്ങ് അവസാനഘട്ടത്തിലാണ്. ചേളാരി– ചെട്ടിപ്പടി മേൽപ്പാലത്തിന്റെ പുതുക്കിയ അലൈൻമെന്റിന് റെയിൽവെയുടെ അനുമതി ലഭിക്കാനുണ്ട്. ബജറ്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന അഞ്ച് മേൽപ്പാലങ്ങളാണുള്ളത്. ഇതിൽ ഫറോക്ക് റെയിൽവെ മേൽപ്പാലത്തിന്റെ പ്രവൃത്തി ആരംഭിച്ചു.

ബാക്കിയുള്ള റെയിൽവെ പാലങ്ങളുടെ ഭൂമിയേറ്റെടുക്കൽ, റെയിൽവെയുടെ അംഗീകാരം ലഭ്യമാക്കൽ, അലൈൻമെന്റ് നിശ്ചയിക്കൽ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്.

**സംസ്ഥാന ചരിത്രത്തിൽ ആദ്യമായി 13 റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം ഒന്നിച്ച് പുരോഗമിക്കുകയാണ്**



# പവർകട്ടില്ലാത്ത കേരളം



തടസ്സരഹിതമായി ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകാൻ കഴിയുന്നുവെന്ന താണ് ഊർജമേഖലയിലെ കേരളത്തിന്റെ സുവർണമുദ്ര. സ്ഥിരതയാർന്ന വോൾട്ടേജും ആധുനികസംവിധാനങ്ങളും പ്രവർത്തനമികവിന്റെ അടയാളങ്ങളാണ്. സോളാർപദ്ധതികളുടെ വ്യാപനവും വൈദ്യുതി മാനേജ്മെന്റ് വൈദഗ്ധ്യവുമാണ് പരാതിരഹിത വൈദ്യുതിവിതരണത്തിന് പിന്നിലുള്ളത്. വൈദ്യുതി സ്വയം പര്യാപ്തത ലക്ഷ്യമാക്കിയാണ് ഭാവിപദ്ധതികളുടെ ആസൂത്രണം.

- 26 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ജലവൈദ്യുത പദ്ധതികൾ പ്രവർത്തന സജ്ജമാക്കി. അതിലൂടെ 50.16 ദശലക്ഷം യൂണിറ്റ് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാൻ സാധിച്ചു.
- ഈ സർക്കാർ വന്നശേഷം സൗരോർജ നിലയങ്ങളിൽനിന്ന് ആകെ 443 മെഗാവാട്ട് ശേഷി കൂട്ടിച്ചേർത്തു. ആകെ 684 മെഗാവാട്ട് ശേഷിയാണ് നിലവിലുള്ളത്.



ഈ സർക്കാർ വന്നശേഷം സൗരോർജ നിലയങ്ങളിൽനിന്ന് ആകെ 443 മെഗാവാട്ട് ശേഷി കൂട്ടിച്ചേർത്തു. ആകെ 684 മെഗാവാട്ട് ശേഷിയാണ് നിലവിലുള്ളത്.



ദ്യുതി 2.0 ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022 -23 മുതൽ 2026 -27 വരെ നടപ്പിലാക്കുന്നത്.

- പ്രസരണശൃംഖല ശക്തിപ്പെടുത്താൻ ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പാക്കുന്നു. ഇതോടെ കേരളത്തിൽ എവിടെ ഉത്പാദിപ്പിക്കപ്പെടുന്നതും പുറമെനിന്ന് ലഭിക്കുന്നതുമായ വൈദ്യുതി ആവശ്യാനുസരണം സംസ്ഥാനത്ത് എല്ലാ ഭാഗങ്ങളിലും പ്രസരണനഷ്ടം കുറച്ചും ഗുണമേൻമ ഉറപ്പാക്കിയും എത്തിക്കാൻ സാധിക്കുന്നു. തടസ്സങ്ങൾ ഒഴിവാക്കി സ്ഥിരതയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു.
- ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതിലൂടെയും 2025-ഓടു കൂടി പ്രസരണശൃംഖലയുടെ ലഭ്യത 99 ശതമാനമാക്കി ഉയർത്താൻ സാധിക്കും. കേരളത്തിന് പൂർണ്ണമായ രീതിയിൽ 400 കെ.വി.യുടെയും 220 കെ.വി.യുടെയും പവർ ഹൈവേ നിലവിൽ വരും. നിലവിലെ ലൈൻ റൂട്ടുകൾ ഉപയോഗപ്പെടുത്തിയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ ലൈനുകളുടെ നവീകരണവും ശേഷിവർധിപ്പിക്കലും നടപ്പാക്കിവരുന്നത്.
- ഈ സർക്കാർ വന്നതിനുശേഷം 34,218 ബി.പി.എൽ വൈദ്യുതി കണക്ഷനുകൾ നൽകി.
- വൈദ്യുതിയെത്താത്ത 19 പട്ടികവർഗ കോളനികളിൽ വൈദ്യുതിയെത്തിച്ചു.

ദ്യുതി 2.0 ൽ 4016.10 കോടി രൂപയുടെ പ്രവൃത്തികളാണ് 2022-23 മുതൽ 2026-27 വരെ നടപ്പിലാക്കുന്നത്. വൈദ്യുതി അപകടങ്ങൾ ഒഴിവാക്കുന്നതിനും വൈദ്യുതിതടസ്സങ്ങൾ കുറയ്ക്കുന്നതിനും മൂന്നുലക്ഷത്തോളം കിലോമീറ്റർ ലോ ടെൻഷൻ വിതരണ ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. 86.95 ലക്ഷം സ്പേസറുകൾ സ്ഥാപിച്ചിട്ടുണ്ട്.

# ഇ-വാഹനങ്ങളുടെ കേരളം







എല്ലാ ജില്ലകളിലുമായി 63 ഫോർവീലറുകൾക്കുള്ള 1166 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും ടൂവീലർ, ത്രീവീലർ വാഹനങ്ങൾക്കായി എല്ലാ നിയോജകമണ്ഡലങ്ങളിലും പോൾ മൗണ്ടിങ്ങ് ചാർജിങ്ങ് സ്റ്റേഷനുകളും സ്ഥാപിച്ചു



ഇലക്ട്രിക് വാഹനങ്ങൾക്ക് സബ്സിഡി നൽകിയും വലിയ മാറ്റത്തിന് വഴിയൊരുക്കുന്നു.

ഇന്ധന ഉപയോഗത്തിൽ പരിസ്ഥിതി പ്രധാനമായ മാറ്റങ്ങളുടെ പാതയിലാണ് കേരളം. വാഹനങ്ങളിൽ നിന്നുള്ള പരിസ്ഥിതിമലിനീകരണം കുറയ്ക്കുന്നതിന് മാതൃകാപരമായ പ്രവർത്തനങ്ങൾക്ക് തുടക്കവുമായി. വൈദ്യുതി ഇന്ധനമാക്കി ഓടുന്ന വാഹനങ്ങളുടെ വ്യാപനത്തിലൂടെ പരിസ്ഥിതിപാലനം ഉറപ്പാക്കുന്നതിന് പ്രാധാന്യം നൽകുകയാണ് ഇപ്പോൾ. ചാർജിങ്ങ്  സ്റ്റേഷനുകൾ കൂടുതൽ ഇടങ്ങളിലേക്ക് വ്യാപിപ്പിച്ചാണ് ഇലക്ട്രിക് വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നത്.

എല്ലാ ജില്ലകളിലുമായി 63 ഫോർവീലറുകൾക്കുള്ള 1166 ഫാസ്റ്റ് ചാർജിങ് സ്റ്റേഷനുകളും ടൂവീലർ, ത്രീവീലർ വാഹനങ്ങൾക്കായി എല്ലാ നിയോജകമണ്ഡലങ്ങളിലും പോൾ മൗണ്ടിങ്ങ് ചാർജിങ്ങ് സ്റ്റേഷനുകളും സ്ഥാപിച്ചു. റീചാർജിങ്ങിനെ കുറിച്ച് ആശങ്കകൾ ഇല്ലാതെ കേരളത്തിൽ അങ്ങോളമിങ്ങോളം വൈദ്യുതി വാഹനങ്ങളിൽ സുഗമമായി യാത്ര ചെയ്യാൻ സാധിക്കുന്ന രീതിയിലാണ് കെഎസ്ഇബി ചാർജിങ്ങ് ശൃംഖല രൂപകല്പന ചെയ്തിരിക്കുന്നത്.

# ഭക്ഷ്യസുരക്ഷ എല്ലാവർക്കും

ഭക്ഷ്യസുരക്ഷയെന്ന സുപ്രധാനദൗത്യം ഏറ്റെടുത്ത് വിജയകരമാക്കുകയാണ് സംസ്ഥാന സർക്കാർ. അതിദാരിദ്ര്യം നിർമ്മാർജനം ചെയ്യുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി, റേഷൻ കടകളിലെത്തി സാധനങ്ങൾ വാങ്ങാൻ കഴിയാത്ത കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക് പ്രദേശത്തെ ഓട്ടോറിക്ഷത്തൊഴിലാളികളുടെ സഹായത്തോടെ വീടുകളിൽ റേഷൻ നേരിട്ടെത്തിക്കുന്ന പൊതുവിതരണ വകുപ്പിന്റെ പദ്ധതിയാണ് 'ഒപ്പം'. എല്ലാ മാസവും 10-നുള്ളിൽ റേഷൻ വിഹിതം ഗുണഭോക്താക്കളുടെ വീട്ടിലെത്തിക്കും. അർഹരായ കുടുംബങ്ങൾക്ക് കൃത്യമായ റേഷൻ എത്തുന്നുവെന്ന കാര്യം പദ്ധതിയിലൂടെ ഉറപ്പുവരുത്തും. ഗുണഭോക്താക്കൾക്ക് പദ്ധതിയിലൂടെ യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാവില്ല.





പൊതുവിതരണ സംവിധാനം ആധുനികീകരിച്ച് എല്ലാവരിലേക്കും അവശ്യവസ്തുക്കൾ എത്തിക്കുന്ന രീതിയാണ് സംസ്ഥാനം പിന്തുടരുന്നത്. റേഷൻ കടകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിച്ചു

ആദിവാസി ഊരുകളിൽ റേഷൻ നേരിട്ടെത്തിക്കുന്ന മാതൃകയിലാണ് ഒപ്പം പദ്ധതിയും നടപ്പാക്കുന്നത്. പദ്ധതി കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് മാനുവൽ ട്രാൻസാക്ഷൻ മുഖേന റേഷൻ കാർഡുടമകളുടെ കൈപ്പറ്റ് രസീത് മാനുവൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷമാണ് സാധനങ്ങൾ നൽകുക. ഈ വിവരങ്ങൾ റേഷനിങ്ങ് ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ ഇ പോസ് മെഷീനിൽ രേഖപ്പെടുത്തും. പദ്ധതിയുടെ ആദ്യഘട്ടം തൃശൂരിൽ നടപ്പാക്കും. തുടർന്ന് മറ്റു ജില്ലകളിലേക്ക് വ്യാപിപ്പിക്കും.




കിടപ്പുരോഗികൾ ഉൾപ്പെടെയുള്ളവർക്ക് ഓട്ടോറിക്ഷ തൊഴിലാളികളുടെ സഹായത്തോടെ വീടുകളിൽ റേഷൻ നേരിട്ടെത്തിക്കുന്ന പദ്ധതിയാണ് 'ഒപ്പം'.



അതിദരിദ്ര നിർണ്ണയപ്രക്രിയയുടെ ഭാഗമായി കണ്ടെത്തിയവരിൽ 867 പേർക്ക് പുതിയ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്നവർക്ക് റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ തുടരുന്നുണ്ട്.

പൊതുവിതരണ സംവിധാനം ആധുനികീകരിച്ച് എല്ലാവരിലേക്കും അവശ്യവസ്തുക്കൾ എത്തിക്കുന്ന രീതിയാണ് സംസ്ഥാനം പിന്തുടരുന്നത്. റേഷൻ കടകളുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിച്ചു. ലാഭകരമായ പ്രവർത്തന സാഹചര്യവും ഒരുക്കി. സേവനത്തിനായി പുതുവഴികളും കണ്ടെത്തി.

# തൊഴിൽ സൃഷ്ടിക്കുന്ന കേരളം

തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ നടത്തുന്ന വിവിധതലങ്ങളിലുള്ള ഇടപെടലുകൾ ഫലം കാണുന്നു. തൊഴിലില്ലായ്മ നിരക്ക് ആറുവർഷം കൊണ്ട് 9 ൽ നിന്നും 4.8 ലേക്ക് എത്തിക്കാനായത് സുപ്രധാന നേട്ടമാണ്. (ദേശിയ ശരാശരി – 7.6%) 2026 ഓടെ 40 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം. അതിൽ തന്നെ അഞ്ച് ലക്ഷം തൊഴിലുകൾ കാർഷിക മേഖലയിലും പത്തുലക്ഷം തൊഴിലുകൾ കാർഷികേതരമേഖലയിലുമാണ് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്. തൊഴിലുകളും സംരംഭങ്ങളും പ്രാദേശികമായി സൃഷ്ടിച്ചുകൊണ്ട് പ്രാദേശിക സാമ്പത്തിക വികസനം സാധ്യമാക്കുകയാണ്.

ഇതിനായി നൈപുണിപരിശീലനം, വ്യവസായ പുനഃസംഘടന, കാർഷിക നവീകരണം, ഉന്നതവിദ്യാഭ്യാസ പരിഷ്ക്കരണം എന്നിങ്ങനെയുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

> ലോകത്തെ ഏറ്റവും വലിയ ടാലന്റ് മാർക്കറ്റ് പ്ലേസ് ആകാനാണ് ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ലക്ഷ്യമിടുന്നത്

## കേരള നോളജ് ഇക്കോണമി മിഷൻ

പരമ്പരാഗത തൊഴിൽരൂപങ്ങൾക്കൊപ്പം ലോകത്ത് സൃഷ്ടിക്കപ്പെടുന്ന വിജ്ഞാനതൊഴിലവസരങ്ങൾക്കുകൂടി അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കാനാണ് സംസ്ഥാനസർക്കാർ ശ്രമിക്കുന്നത്. ഇതിനായി കേരള സർക്കാർ തുടക്കംകുറിച്ച പദ്ധതിയാണ് കേരള നോളജ് ഇക്കോണമി മിഷൻ. അഞ്ച് വർഷത്തിനുള്ളിൽ 20 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. കെ-ഡിസ്കും കുടുംബശ്രീയുമായി ചേർന്ന് കേരളത്തിൽ അതിവിപുലമായ തൊഴിൽ സർവേ നടത്തി. ഈ സർവേയിലൂടെ തൊഴിൽ തേടുന്ന, 18നും 60നും ഇടയിലുള്ള മുഴുവൻ തൊഴിലന്വേഷകരെയും രജിസ്റ്റർ ചെയ്തു. സർവെയുടെ ഭാഗമായി 81 ലക്ഷത്തിലധികം വീടുകൾ സന്ദർശിക്കുകയും 53 ലക്ഷം വിജ്ഞാന തൊഴിൽ അന്വേഷകരെ കണ്ടെത്തുകയും ചെയ്തു. പ്ലസ്ടു അടിസ്ഥാനയോഗ്യതയും 59 വയസ്സിൽ താഴെ പ്രായവുമുള്ളവരെയുമാണ് സർവെയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം

തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും കോർത്തിണക്കുന്നതിനായി നോളജ് ഇക്കോണമി മിഷൻ ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം എന്ന പോർട്ടലിന് രൂപം നൽകി, അതിൽ രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് വേണ്ട പ്രവർത്തനം നടത്തുന്നു.

ലോകത്തിലെ ഏറ്റവും വലിയ ടാലന്റ് മാർക്കറ്റ്




തൊഴിലരങ്ങത്തേക്ക് പദ്ധതിയിലൂടെ 1475 സ്ത്രീകൾക്ക് ഓഫർ ലെറ്റർ നൽകി.



പ്ലേസ് ആകാനാണ് ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റം ലക്ഷ്യമിടുന്നത്.

13 ലക്ഷത്തിലധികം പേർ (13,71,335) പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അഞ്ച് ലക്ഷത്തിലേറെ (5,02,101) തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. –15,000 ത്തോളം പേർക്ക് തൊഴിൽ നൽകിക്കഴിഞ്ഞു. 3831 കമ്പനികൾ തൊഴിൽ നൽകാനായി മുന്നോട്ട് വന്നിട്ടുണ്ട്.

തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനുള്ള തൊഴിലരങ്ങത്തേക്ക് പദ്ധതിയിലൂടെ 1475 സ്ത്രീകൾക്ക് ഓഫർ ലെറ്റർ നൽകി

## തൊഴിൽസഭകൾ

തൊഴിൽ തേടുന്നവരും സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവരെയും ചേർത്ത് തദ്ദേശഭരണ തലത്തിൽ തൊഴിൽസഭകൾ തുടങ്ങി

## ഐ.ടി മേഖല

തിരുവനന്തപുരം ടെക്നോപാർക്കിൽ 70,000 പേർ ജോലി ചെയ്യുന്നു. അടുത്ത അഞ്ച് വർഷത്തിനകം 50,000 പേർക്ക് കൂടി ജോലി നൽകും.

ടെക്നോപാർക്കിൽ ക്വാഡ് പദ്ധതി നടപ്പാക്കുന്നു. മിനി ടൗൺഷിപ്പാണ് ക്വാഡ്. 30 ഏക്കറിലാണ് ഇത് ഒരുങ്ങുന്നത്.

കൊച്ചി ഇൻഫോപാർക്കിൽ 64,900 പേർ ജോലി ചെയ്യുന്നു. കോഴിക്കോട് സൈബർ പാർക്കിൽ 2,000 ജീവനക്കാർ.

# ലാഭവഴിയിൽ പൊതുമേഖല

നഷ്ടം മാത്രം വരുത്തുകയും ഒടുവിൽ പൂട്ടിപ്പോവുകയും ചെയ്യുന്നവ എന്ന ദുഷ്പേരിൽനിന്ന് ജനങ്ങളുടെ സമ്പത്തായ പൊതുമേഖലസ്ഥാപനങ്ങളെ കൈപിടിച്ചുയർത്തിയിരിക്കുകയാണ് പിണറായി വിജയൻ സർക്കാർ. പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരിച്ച്, ഉൽപാദനമികവും വരുമാനവർധനയും ഉറപ്പാക്കി. തകർച്ച നേരിട്ട സ്ഥാപനങ്ങളെ സംരക്ഷിച്ചു. കേന്ദ്രസർക്കാരും കൈവിട്ട സ്ഥാപനങ്ങളെ വ്യവസ്ഥാപിതമായ രീതികളിലൂടെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിനൊപ്പം അവയെ ലാഭത്തിലേക്ക് നയിക്കുകയുമാണ്.



സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ കൈയൊഴിയാൻ തീരുമാനിച്ച കോട്ടയം വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഏറ്റെടുത്തു.

2021-22 വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 41 പൊതുമേഖലാ സ്ഥാപനങ്ങൾ 384.68 കോടി രൂപയുടെ പ്രവർത്തനലാഭം കൈവരിച്ചു. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടം കുറച്ചു വരികയുമാണ്. കഴിഞ്ഞ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 245.6% വർധനവാണ് പ്രവർത്തനലാഭത്തിൽ ഉണ്ടായത്. സംസ്ഥാന ചരിത്രത്തിലെ ഏറ്റവും ഉയർന്ന പ്രവർത്തന ലാഭം (332.2 കോടി രൂപ) നേടുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനമെന്ന നേട്ടം കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെ എം എം എൽ) കൈവരിച്ചു.

**30ലധികം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ, വാർഷിക വിറ്റുവരവ് 4000 കോടി രൂപ.**

സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്രസർക്കാർ കൈയൊഴിയാൻ തീരുമാനിച്ച കോട്ടയം വെള്ളൂരിലെ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഏറ്റെടുത്തു. കേരളാ പേപ്പർ പ്രൊഡക്റ്റ്സ് ലിമിറ്റഡ് എന്ന കമ്പനിയായി പുന സംഘടിപ്പിച്ചു. മംഗളം, ദി ഹിന്ദു ദിനപത്രങ്ങൾ ഇവിടെ നിർമ്മിച്ച പേപ്പറിൽ പ്രിന്റ് ചെയ്യുന്നു. 3000 കോടി രൂപ വിറ്റുവരവുള്ള സ്ഥാപനമായി വികസിപ്പിക്കുക എന്നതാണ് ലക്ഷ്യം. മൂവായിരത്തോളം പേർക്ക് തൊഴിൽ നൽകാൻ സാധിക്കുന്ന, പ്രതിവർഷം അഞ്ച് ലക്ഷം മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള സ്ഥാപനമായി കെ.പി.പി.എൽ മാറും.

ഇതുപോലെ സ്വകാര്യവൽക്കരിക്കാൻ ശ്രമിച്ച കാസർഗോഡ് ഭെൽ ഏറ്റെടുത്തു. 77 കോടിയോളം രൂപ ചെലവഴിച്ചാണ് ഭെൽ സർക്കാർ ഏറ്റെടുത്തത്.



# പീപ്പിൾസ് റസ്റ്റ് ഹൗസ്



സംസ്ഥാനത്ത് ഏറ്റവും വലിയ ഹോസ്പിറ്റാലിറ്റി ശൃംഖല നിലവിലുള്ളത് പൊതുമരാമത്ത വകുപ്പിനാണ്. 153 റസ്റ്റ് ഹൗസുകളിലായി 1151 മുറികൾ പൊതുമരാമത്ത് വകുപ്പിന് സ്വന്തമായി ഉണ്ട്

ഉദ്യോഗസ്ഥ സംവിധാനത്തിന്റെ കീഴിൽ മാത്രം ഉപയോഗിച്ചിരുന്ന പിഡബ്ല്യൂഡി റെസ്റ്റ് ഹൗസുകൾ വളരെ കുറഞ്ഞ ചെലവിൽ പൊതുജനങ്ങൾക്കും ലഭ്യമാക്കി.

മുറിയെടുക്കാനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയാണ് മാറ്റത്തിന് വഴിയൊരുക്കിയത്. റെസ്റ്റ് ഹൗസുകളിലെ സൗകര്യങ്ങൾ വർധിപ്പിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ഏറ്റവും വലിയ ഹോസ്പിറ്റാലിറ്റി ശൃംഖല നിലവിലുള്ളത് പൊതുമരാമത്ത് വകുപ്പിനാണ്153 റസ്റ്റ് ഹൗസുകളിലായി 1151 മുറികൾ പൊതുമരാമത്ത് വകുപ്പിന് സ്വന്തമായി ഉണ്ട്

'പീപ്പിൾസ് റസ്റ്റ് ഹൗസ്" എന്ന പേരിൽ റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്ക് കൂടി ലഭ്യമാക്കി. ഇതിനായി ഓൺലൈൻ ബുക്കിങ്ങ് സംവിധാനം കൊണ്ടുവന്നു. ഇതോടെ കുറഞ്ഞ ചെലവിൽ ജനങ്ങൾക്ക് കേരളമെമ്പാടും താമസിക്കാൻ അവസരമൊരുങ്ങി. 2021 നവംബറിലാണ് റസ്റ്റ് ഹൗസ് ഓൺലൈൻ ബുക്കിങ്ങ് സംവിധാനം നിലവിൽ വന്നത്. 2022 നവംബർ ആകുമ്പോഴേക്കും നാല് കോടി യോളം രൂപ വരുമാനമുണ്ടാക്കാൻ റസ്റ്റ് ഹൗസുകൾക്ക് സാധിച്ചു. റസ്റ്റ് ഹസുകൾ നവീകരിച്ച് കൂടുതൽ ജനസൗഹൃദമാക്കാനുള്ള പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ വിനോദസഞ്ചാരികളെ കൂടി ആകർഷിക്കും വിധമാണ് റസ്റ്റ് ഹൗസുകൾ നവീകരിക്കുക.

**മുറിയെടുക്കാനായി ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയാണ് മാറ്റത്തിന് വഴിയൊരുക്കിയത്**



# സാഫല്യത്തിന്റെ പാതയിൽ

രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന വൻകിട പദ്ധതികൾ ഓരോന്നായി സംസ്ഥാനത്ത് പ്രവൃത്തി പഥത്തിലേക്കെത്തുകയാണ്. വാട്ടർമെട്രോ, മലയോര ഹൈവേ, തീരദേശ ഹൈവേ, ദേശീയപാത, റെയിൽ–ഡിജിറ്റൽ പശ്ചാത്തല വികസനം, വിഴിഞ്ഞം തുറമുഖം തുടങ്ങി ഭാവികേരളവികസനത്തിലേക്കുള്ള കുതിപ്പിന്റെ കൊടിയടയാളങ്ങളാകുന്ന പദ്ധതികൾക്കാണ് ഊന്നൽ നൽകുന്നത്. വികസനത്തിന് പരിമിതികൾ തടസ്സമാകരുതെന്ന നിലപാടാണ് പ്രധാനം.



## ദേശീയ പാത

കാസർഗോഡ് തലപ്പാടി മുതൽ കന്യാകുമാരി വരെ ഏറ്റെടുക്കേണ്ടത് 1079.06 ഹെക്ടർ ഭൂമി.1062.96 ഹെക്ടർ ഭൂമി (98.51 ശതമാനം) ഏറ്റെടുത്തു.

ഭൂമി ഏറ്റെടുക്കാൻ 5580 കോടി രൂപ സംസ്ഥാനം കൈമാറി. 21 റീച്ചുകളിലായി പണികൾ പുരോഗമിക്കുന്നു

## മലയോര ഹൈവേ

നന്ദാരപടവ് മുതൽ പാറശ്ശാല വരെ 1251 കിലോമീറ്റർ.

54 റീച്ചുകളിൽ ആയി 804.49 കി.മീ പ്രവൃത്തി പൂർത്തിയാക്കണം.

മൂന്ന് റീച്ചുകൾ ഒഴികെ സാമ്പത്തിക അനുമതി ലഭ്യമാക്കി.

467.03 കിലോമീറ്റർ മലയോരപാതക്കും സാങ്കേതിക അനുമതിയായി.

155.39 കിലോമീറ്റർ പ്രവൃത്തി പൂർത്തിയാക്കി. 297.95 കിലോമീറ്ററിൽ പുരോഗമിക്കുന്നു.

കാസർഗോഡ് തലപ്പാടി മുതൽ കന്യാകുമാരി വരെ ഏറ്റെടുക്കേണ്ടത് 1079.06 ഹെക്ടർ ഭൂമി.1062.96 ഹെക്ടർ ഭൂമി (98.51 ശതമാനം) ഏറ്റെടുത്തു.

## തീരദേശ ഹൈവേ

തിരുവനന്തപുരം പൂവാർ വരെ 9 ജില്ലകളിലൂടെ 623 കിലോമീറ്റർ .

ഡിപിആർ അവസാനഘട്ടത്തിൽ .

466 കി: മീ സ്ഥലം ഏറ്റെടുക്കൽ പുരോഗതിയിൽ.

പുനരധിവസിക്കപ്പെടുന്നവർക്ക് 600 ചതുരശ്ര അടി ഫ്ളാറ്റ് അല്ലെങ്കിൽ 13 ലക്ഷം രൂപ.

എലിവേറ്റഡ് ഹൈവേ അരൂർ – തുറവൂർ എലിവേറ്റഡ് ഹൈവേ നിർമ്മാണത്തിന് അനുമതി ലഭ്യമായി. നിർമ്മാണം ഉടൻ.

തുരങ്കപാത – 2009ൽ തുടക്കമിട്ട കുതിരാൻ തുരങ്കപാതയുടെ രണ്ട് ടണലിന്റെയും നിർമ്മാണം പൂർത്തീകരിക്കാനായി.





രാജ്യത്തെ ആദ്യ വാട്ടർ മെട്രോ സർവീസ്

## ഔട്ടർ റിങ്ങ് റോഡ് പദ്ധതി

ഭൂമി ഏറ്റെടുക്കൽ തുടങ്ങി.

ദേശീയ പാത നിലവാരത്തിൽ നിർമ്മിക്കണമെന്ന ആവശ്യം കേന്ദ്രം അംഗീകരിച്ചു.

ഭാവിയിൽ ആറുവരിയായി വികസിപ്പിക്കാനാകും വിധമാണ് പദ്ധതി.

കണ്ണൂർ നഗരപാത വികസനപദ്ധതി – 401.467 ചെലവ് പ്രതീക്ഷിക്കുന്നു

11 കോറിഡോറുകൾ ഉൾപ്പെടുത്തിയിരിക്കുന്നു.

## ആലപ്പുഴ നഗര റോഡ് വികസന പദ്ധതി

21 റോഡുകളിലായി 47 കിലോമീറ്റർ നവീകരണം

23.4 കിലോമീറ്റർ സൈക്കിൾപാത

20 ഇടനാഴികൾ

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം

സെപ്തംബറിൽ ആദ്യ കപ്പൽ തുറമുഖത്തെത്തിക്കാൻ കഴിയും

3100 മീറ്റർ പുലിമുട്ടിൽ ഏതാണ്ട് 2000 മീറ്റർ പൂർത്തിയാക്കി

## ജലപാത

590 കിലോമീറ്ററിൽ വെസ്റ്റ് കോസ്റ്റ് കനാൽ പദ്ധതി.

2025-ഓടെ പൂർത്തീകരിക്കും.

കൊല്ലം മുതൽ കോട്ടപ്പുറം വരെ 168 കി.മീ ഇപ്പോൾ ഉപയോഗക്ഷമം

## കൊച്ചി മെട്രോ

കൊച്ചി മെട്രോ – ഘട്ടം 1, ഘട്ടം 1 എ പൂർത്തീകരിച്ചു.

ആലുവ മുതൽ പേട്ട വരെ പാത തുറന്നുകൊടുത്തു.

തൃപ്പൂണിത്തുറ വരെ നീട്ടുന്ന പണികൾ പുരോഗമിക്കുന്നു.

ഈ വർഷം ഓഗസ്റ്റോടെ കമ്മീഷൻ ചെയ്യും.

നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വരെ രണ്ടാം ഘട്ടം നിർമ്മാണം ഉടൻ.

തിരുവനന്തപുരം, കോഴിക്കോട് മെട്രോ/ലൈറ്റ് മെട്രോ പഠനറിപ്പോർട്ട് പുതുക്കുന്നു

## കൊച്ചി വാട്ടർ മെട്രോ

രാജ്യത്തെ ആദ്യ വാട്ടർ മെട്രോ സർവീസ്.

10 ദ്വീപുകളെ ബന്ധിപ്പിക്കുന്നു

ഇപ്പോൾ ഹൈക്കോർട്ട്–വൈപ്പിൻ, വൈറ്റില–കാക്കനാട് ടെർമിനലുകളിൽ നിന്നും

1064.83 കോടി രൂപയാണ് ബജറ്റ്

ആദ്യ 12 ദിവസത്തിനുള്ളിൽ തന്നെ യാത്രികരുടെ എണ്ണം ഒരു ലക്ഷം പിന്നിട്ടു.

എട്ട് ബോട്ടുകളാണ് ഇപ്പോൾ സർവീസിനുള്ളത്

കൊച്ചിയിൽ കനാൽ ഗതാഗതപദ്ധതി നടപ്പാക്കുന്നു 35 കി.മീറ്ററോളം.

ഇടപ്പള്ളി, മാർക്കറ്റ്, തേവര തുടങ്ങിയ കനാലുകൾ പുനരുദ്ധരിക്കുന്നു.

# തിരികെയെത്തുന്നു ഹരിതസമൃദ്ധി





നെൽകൃഷിയുടെ ഉൽപാദനക്ഷമത ഹെക്ടറിന് മൂന്ന് ടൺ ആയി ഉയർത്തി

കൃഷിയിടങ്ങളിലൂടെ കേരളത്തിന്റെ കാർഷിക സമൃദ്ധിയും പച്ചപ്പും വീണ്ടെടുക്കുകാൻ പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങളാണ് നാട്ടിൽ നടക്കുന്നത്. കൃഷി ലാഭകരമായി നടത്താനുള്ള സാഹചര്യമാണ് സൃഷ്ടിക്കുന്നത്. ഉൽപന്നങ്ങൾക്ക് താങ്ങുവില നൽകുന്നത് ഉൾപ്പെടെയുള്ള നടപടികളും സ്വീകരിക്കുന്നു.
കാർഷികവൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിന് ഞങ്ങളും കൃഷിയിലേക്ക് പോലുള്ള ജനകീയപരിപാടികൾ  വിഷരഹിത പച്ചക്കറി ഉൽപാദനം സാധ്യമാക്കി ആരോഗ്യ പരിരക്ഷയും ഉറപ്പാക്കുന്നു. ആഭ്യന്തര ഉൽപാദന വർധനയിലൂടെ സ്വയംപര്യാപ്തതയും ലക്ഷ്യമാക്കുന്നുണ്ട്. മൂല്യവർധിത ഉൽപന്നങ്ങളുടെ

വിപണനസാധ്യത മുൻനിറുത്തി പുതുമേഖലകൾ കണ്ടെത്തുന്നു.

കാർഷിക മേഖലയിൽ മൂല്യവർധനയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നു.

മൂല്യവർധിത കാർഷിക മിഷൻ രൂപീകരിച്ചു. 2109 കോടി രൂപ നീക്കിവെച്ചു.

കേരള അഗ്രി ബിസിനസ് കമ്പനി രൂപീകരിച്ചു.

പച്ചക്കറി ഉൽപാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. ഒന്നര കോടിയോളം വിത്ത് പായ്ക്കറ്റുകൾ നൽകി

3600 ഏക്കർ തരിശുനിലത്തിൽ പച്ചക്കറി മട്ടുപ്പാവ് കൃഷിക്കും ഗ്രോബാഗിലെ കൃഷിക്കും 75 ശതമാനം സബ്സിഡി.

നെൽകൃഷിയുടെ ഉൽപാദനക്ഷമത ഹെക്ടറിന് മൂന്ന് ടൺ ആയി ഉയർത്തി.



കാർഷിക മേഖലയിൽ മൂല്യവർധനയും സംരംഭകത്വവും പ്രോത്സാഹിപ്പിക്കുന്നു.





# ജീവിതത്തുടിപ്പായി ഭവനപദ്ധതി



ലൈഫ് മിഷനിലൂടെ ഇതുവരെ 3,42,224 വീടുകൾ നിർമ്മിച്ചു നൽകി. 63,916 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്





**പട്ടികജാതി ക്കാർക്കായി 10 വർഷങ്ങളായി പൂർത്തി യാകാതെ കിടന്ന 4978 ഭവനങ്ങൾ പൂർത്തിയാക്കി.**

അടച്ചുറപ്പുള്ള ഒരു വീടെന്ന സ്വപ്നം പോലും അന്യമായിരുന്ന ജനവിഭാഗങ്ങൾക്ക് വീടിന്റെ തണലൊരുക്കാനായതാണ് ലൈഫ് എന്ന കേരള മാതൃകയുടെ മുഖമുദ്ര. വീടില്ലാത്തവർക്ക് അതു ലഭ്യമാക്കുന്നതിന് പുറമേ ഭൂമിയില്ലാത്തവരുടെ അവസ്ഥയ്ക്ക് പരിഹാരം കാണാനും പദ്ധതി സഹായകമായി.

ലൈഫ് മിഷനിലൂടെ ഇതുവരെ 3,42,224 വീടുകൾ നിർമ്മിച്ചുനൽകി. 63,916 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.
25 ഭവനസമുച്ചയങ്ങളുടെ നിർമ്മാണവും പുരോഗമിക്കുന്നു. മനസ്സോടിത്തിരി മണ്ണ്" ക്യാമ്പയിനിലൂടെ ഇതുവരെ 23.50 ഏക്കർ ഭൂമി വാഗ്ദാനം ചെയ്യപ്പെട്ടു. ഇതിൽ 12.32 ഏക്കറിന്റെ രജിസ്ട്രേഷൻ പൂർത്തിയായി

പട്ടികജാതിക്കാർക്കായി 10 വർഷങ്ങളായി പൂർത്തിയാകാതെ കിടന്ന 4978 ഭവനങ്ങൾ പൂർത്തിയാക്കി. എം. എൻ ലക്ഷം വീടുപദ്ധതിയിലെ ഇരട്ടവീടുകളെ ഒറ്റവീടുകളാക്കുന്ന പദ്ധതിക്ക് തുടക്കമിട്ടു.

# ചരിത്രദൗത്യം



ഐക്യകേരളത്തിന്റെ രൂപീകരണത്തിന് ശേഷം കേരളത്തെ സമ്പൂർണ്ണമായി നാലുവർഷക്കാലം കൊണ്ട് ഡിജിറ്റലായി അളക്കുക എന്ന ചരിത്രപരമായ ദൗത്യത്തിനു ഒരുങ്ങുകയാണ് സർക്കാർ. ആദ്യ ഘട്ടത്തിൽ 200 വില്ലേജുകളിൽ റീസർവെ നടപടികൾ തുടങ്ങി.

ശാസ്ത്രീയമായി സർവെ നടത്തുന്നതിലൂടെ കൃത്യമായ ഭൂസർവെ റെക്കോർഡുകൾ തയ്യാറാക്കാൻ സാധിക്കും എന്നതാണ് പദ്ധതിയുടെ നേട്ടം.



ശാസ്ത്രീയമായി സർവെ നടത്തുന്നതിലൂടെ കൃത്യമായ ഭൂസർവേ റെക്കോർഡുകൾ തയ്യാറാക്കാൻ സാധിക്കും എന്നതാണ് പദ്ധതിയുടെ നേട്ടം.



> അതിർത്തി തർക്കങ്ങൾ ശാശ്വതമായി പരിഹരിക്കാനായുള്ള സെറ്റിൽമെന്റ് പദ്ധതി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്

കഴിഞ്ഞ 55 വർഷത്തിനിടെ സംസ്ഥാനത്തെ 55 ശതമാനം വില്ലേജുകളിൽ മാത്രമാണു സർവെ നടപടികൾ പൂർത്തിയായിട്ടുള്ളത്. നിലവിലെ രീതിയിൽ സർവെ തുടർന്നാൽ റീസർവെ പൂർത്തിയാക്കാൻ ഇനിയും 50 വർഷമെങ്കിലും എടുക്കും. ഈ വലിയ കാലതാമസം വികസന, ക്ഷേമ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കും. ഇതു മറികടക്കുന്നതിനാണു ഡിജിറ്റൽ റീസർവെ നടപ്പാക്കുന്നത്.

ഡിജിറ്റൽ റീസർവെയ്ക്കായി റവന്യൂ വകുപ്പിന് ആവശ്യമുള്ള വിവരങ്ങൾക്കു പുറമേ കേരളത്തിന്റെ ഭൂപ്രകൃതി വിവരങ്ങൾകൂടി ഉൾപ്പെടുത്തി എല്ലാ വകുപ്പുകൾക്കും പ്രയോജനകരമാകുന്ന ഡാറ്റ ബേസ് തയാറാക്കാനും ഉദ്ദേശിക്കുന്നുണ്ട്. അതിർത്തി തർക്കങ്ങൾ ശാശ്വതമായി പരിഹരിക്കാനായുള്ള സെറ്റിൽമെന്റ് പദ്ധതി കൂടി 'എന്റെ ഭൂമി' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ റീസർവെയെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ സൃഷ്ടിച്ച് പങ്കാളിത്തം ഉറപ്പാക്കാൻ സർവെ സഭകളും സംഘടിപ്പിച്ചിട്ടുണ്ട്.

# ശുചിത്വ കേരളത്തിലേക്ക്

മാലിന്യമുക്തകേരളം എന്ന ലക്ഷ്യത്തിലേക്കുള്ള നമ്മുടെ യാത്രയിൽ മുൻനിരസംഘടനയാണ് ഹരിതകർമ്മസേന. പാഴ്‌വസ്തുക്കൾ ശേഖരിക്കുക, അതത് കേന്ദ്രങ്ങളിൽ എത്തിക്കുക, തരംതിരിക്കുക, സംസ്കരിക്കുക, പുനചംക്രമണം നടത്തുക തുടങ്ങി എല്ലാ പ്രവൃത്തികളും സ്ത്രീകളുടെ കൂട്ടായ്മയായ ഹരിതകർമ്മസേന ഏറ്റെടുത്ത് നടത്തുന്നു. തദ്ദേശഭരണസ്ഥാപനങ്ങളും ശുചിത്വമിഷനുമായി സഹകരിച്ചാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ. അജൈവ പാഴ്‌വസ്തുക്കളുടെ ശേഖരണത്തിലും സംസ്കരണത്തിലുമാണ് ഹരിതകർമ്മസേന കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

ജൈവമാലിന്യസംസ്കരണത്തിൽ വീടുകൾക്ക് ഹരിതകർമ്മസേന മാർഗനിർദേശം നൽകുന്നു. ഉറവിടമാലിന്യസംസ്കരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഈ വനിതാകൂട്ടായ്മ





ആകെ 1018 ഹരിതകർമ്മസേനകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. ഇതിൽ, 926 എണ്ണം ഗ്രാമീണമേഖലയിലും 92 എണ്ണം നഗരമേഖലയിലുമാണ്.



മുപ്പതിനായിര ത്തോളം സ്ത്രീ കളാണ് ഹരിത കർമ്മസേനാം ഗങ്ങളായി പ്രവർത്തിക്കു ന്നത്.

യുടെ സേവനം ലഭ്യമാണ്. ഇതിന് ആവശ്യമെങ്കിൽ, ഹരിതസഹായസ്ഥാപനത്തിന്റെ സഹായം ഉറപ്പാക്കുന്നതും ഹരിതകർമ്മസേനയുടെ ചുമതലയാണ്.

ആകെ 1018 ഹരിതകർമ്മസേനകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. ഇതിൽ, 926 എണ്ണം ഗ്രാമീണമേഖലയിലും 92 എണ്ണം നഗരമേഖലയിലുമാണ്.

4145 ഹരിതകർമ്മസേന യൂണിറ്റുകളാണ് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 2,704 എണ്ണം ഗ്രാമീണ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കീഴിലും 1,441 എണ്ണം നഗര തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

മുപ്പതിനായിരത്തോളം സ്ത്രീകളാണ് ഹരിത കർമ്മസേനാംഗങ്ങളായി പ്രവർത്തിക്കുന്നത്. 23,546 സ്ത്രീകൾ ഗ്രാമീണമേഖലയിലും 4,678 സ്ത്രീകൾ നഗരമേഖലയിലുമാണ് ജോലി ചെയ്യുന്നത്.

# സുദൃഢം കായികകേരളം

മലയാളത്തിന്റെ കായിക സ്വപ്നങ്ങൾക്ക് ചിറകുകൾ പകരുകയാണ് സംസ്ഥാന സർക്കാർ. പുതിയൊരു കായികസംസ്കാരത്തിന് രൂപം നൽകുന്ന കായികനയത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. രാജ്യാന്തര നിലവാരത്തിലുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്. സ്റ്റേഡിയങ്ങളുടെ നവീകരണത്തിനൊപ്പം പുതിയവയുടെ



മുഴുവൻ പഞ്ചായത്തിലും കളിക്കളം എന്ന വാഗ്ദാനം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം 113 പഞ്ചായത്തിലാണ് കളിക്കളം ഒരുക്കുന്നത്.നാല് സ്ഥലങ്ങളിൽ പ്രവൃത്തി തുടങ്ങി.



അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള വിപുലമായ ഗോൾ പരിശീലന പദ്ധതിക്കു തുടക്കമായി.

നിർമ്മാണവും നടത്തുന്നു. എല്ലാ പഞ്ചായത്തിലും ഒരു കളിസ്ഥലമെങ്കിലും ഒരുക്കി നാടിന്റെ ആരോഗ്യക്ഷമത തിരികെപ്പിടിക്കാനും ഒരുങ്ങുകയാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും സ്റ്റേഡിയം, ഇൻഡോർ സ്റ്റേഡിയം, ഫുട്ബോൾ ടർഫ്, സിന്തറ്റിക് ട്രാക്ക്, സ്വിമ്മിങ്പൂൾ തുടങ്ങിയവ നിർമ്മിച്ചു വരികയാണ്.

കിഫ്ബി ഫണ്ടും കായികവകുപ്പിന്റെ തനത് ഫണ്ടും ഉൾപ്പെടെ 1600 കോടിയുടെ അടിസ്ഥാന സൗകര്യവികസനം കായികമേഖലയിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കാസർഗോഡ്, വയനാട്, തൃശൂർ, കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ഇടുക്കി എന്നിവിടങ്ങളിൽ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള ജില്ലാ കായികസമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കൊടുമൺ, നീലേശ്വരം, മട്ടന്നൂർ, പറളി, തിരുമിറ്റക്കോട്, ചിറ്റൂർ, പ്രീതികുളങ്ങര, കൽപ്പറ്റ, താനൂർ, പുനലൂർ, വടകര, മേപ്പയ്യൂർ, നടുവണ്ണൂർ എന്നിവിടങ്ങളിൽ കായികസമുച്ചയങ്ങൾ പൂർത്തിയായി.

മുഴുവൻ പഞ്ചായത്തിലും കളിക്കളം എന്ന വാഗ്ദാനം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടം 113 പഞ്ചായത്തിലാണ് കളിക്കളം ഒരുക്കുന്നത്. നാല് സ്ഥലങ്ങളിൽ പ്രവൃത്തി തുടങ്ങി.

അഞ്ച് ലക്ഷം കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകുന്നതിനുള്ള വിപുലമായ ഗോൾ പരിശീലന പദ്ധതിക്കു തുടക്കമായി. ആദ്യഘട്ടത്തിൽ 1000 കേന്ദ്രങ്ങളിലായി ഒരു ലക്ഷം പേർക്ക് പരിശീലനം നൽകി. കൂടുതൽ വിദഗ്ധ പരിശീലനത്തിന് 140 നിയോജക മണ്ഡലങ്ങളിൽ ഓരോ കേന്ദ്രം തുടങ്ങി. അത്‌ലറ്റിക്സ് പരിശീലനത്തിന് സ്കൂളുകളിൽ സ്പ്രിന്റ് എന്ന പരിശീലന പദ്ധതി ഈ അധ്യയന വർഷം ആരംഭിച്ചു. ജൂഡോ പരിശീലനത്തിന് ജൂഡോക്കോ എന്ന പദ്ധതിയും ബോക്സിങ് പരിശീലനത്തിന് പഞ്ച് എന്ന പദ്ധതിയും സ്കൂൾ തലത്തിൽ ആരംഭിച്ചിട്ടുണ്ട്.

# വാനോളം സ്വപ്നങ്ങൾ കുതിച്ചുയരാൻ ചിറകുകളേകാം

വിദ്യാഭ്യാസത്തിലൂടെ സാമൂഹികപുരോഗതി എന്ന ലക്ഷ്യത്തിലൂന്നി പട്ടികജാതി, പട്ടികവർഗ, പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽസ്വപ്നങ്ങൾക്ക് വാനോളം ഉയരങ്ങൾ പകരുകയാണ് സംസ്ഥാന സർക്കാർ. ചരിത്രപരമായ കാരണങ്ങളാൽ സാമൂഹിക–സാമ്പത്തിക– വിദ്യാഭ്യാസ മേഖലകളിൽ പിന്നാക്കം പോയ ജനവിഭാഗങ്ങളെ മുഖ്യധാരയിലേക്ക് ഉയർത്തി കൊണ്ടുവരുന്നതിനുള്ള ഏക ഉപാധി മികച്ച വിദ്യാഭ്യാസം നൽകുക എന്നതാണ്. അതുകൊണ്ടു തന്നെ കൂടുതൽ വിദ്യാഭ്യാസ അവസരങ്ങൾ ഒരുക്കുന്നതിലൂടെ കൂടുതൽ പേർക്ക് അക്കാദമിക് –ജീവിത വിജയം കൈവരിക്കാനാകും.

വിങ്ങ്സ് പദ്ധതിയിലൂടെ പിന്നാക്കക്കാർക്ക് കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിനായി പഠനസഹായം ലഭ്യമാക്കുന്നു.

രാജീവ്ഗാന്ധി ഏവിയേഷൻ അക്കാദമിയിൽ കൊമേഴ്സ്യൽ പൈലറ്റ് ലൈസൻസ് കോഴ്സിന് ചേരുന്ന ഒരു പട്ടികജാതി വിദ്യാർഥിക്ക് മാത്രമുണ്ടായിരുന്ന സ്കോളർഷിപ്പ് മൂന്ന് എസ്.സി., 2 എസ്.ടി., 1 ഒ.ഇ.സി. എന്ന രീതിയിൽ ഭേദഗതി



150 പട്ടികവർഗവിഭാഗം കുട്ടികൾക്ക് എയർപോർട്ട്–എയർലൈൻ മാനേജ്മെന്റ് കോഴ്സുകളിൽ പരിശീലനം നൽകി ജോലി ലഭ്യമാക്കി.

ചെയ്ത് വിങ്ങ്സ് പദ്ധതിയാക്കി. ഈ സർക്കാർ വന്നശേഷം ഇതുവരെ ആറ് പേർക്കാണ് സ്കോളർഷിപ്പ് അനുവദിച്ചത്.

150 പട്ടികവർഗവിഭാഗം കുട്ടികൾക്ക് എയർപോർട്ട്-എയർലൈൻ മാനേജ്മെന്റ് കോഴ്സുകളിൽ പരിശീലനം നൽകി ജോലി ലഭ്യമാക്കി. അടുത്ത അധ്യയനവർഷം മുതൽ കൂടുതൽ പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് ഈ കോഴ്സുകളിൽ പ്രവേശനം അനുവദിക്കും. മറൈൻ തൊഴിൽ മേഖലയിലെ പരിശീലനത്തിനും പട്ടികജാതി-പട്ടികവർഗ വിദ്യാർഥികൾക്ക് ഉടൻ അവസരമൊരുക്കും.

രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിലെത്തിയ ശേഷം 390 പേർക്ക് വിദേശ പഠന സ്കോളർഷിപ്പ് നൽകി. പിജി പഠനത്തിന് പട്ടികവിഭാഗം വിദ്യാർഥികൾക്ക് 25 ലക്ഷം രൂപ വരെയും പിന്നാക്ക വിഭാഗം വിദ്യാർത്ഥികൾക്ക് 10 ലക്ഷം രൂപ വരെയും ഗ്രാന്റ് നൽകുന്നു.

ഇന്ത്യയിൽ ഏത് സിവിൽ സർവീസ് പരീക്ഷ പരിശീലന കേന്ദ്രത്തിലും പഠിക്കാൻ പട്ടികവർഗത്തിൽപ്പെട്ട തിരഞ്ഞെടുക്കപ്പെട്ട 30 വിദ്യാർഥികൾക്ക് അവസരമൊരുക്കി. പട്ടികജാതിയിൽപ്പെട്ട 30 വിദ്യാർഥികൾക്കും കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ സ്കോളർഷിപ്പോടെ പരിശീലനം നൽകിവരുന്നു.

പുതു തലമുറ കോഴ്സുകൾക്കും സി എ, സി എസ്, ഐ സി ഡബ്ല്യു എ തുടങ്ങിയ പ്രഫഷണൽ കോഴ്സുകൾക്കും പട്ടിക വിഭാഗം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചു.

ഐ ഐ എം, ഐ ഐ ടി, കൽപ്പിത സർവകലാശാലകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും ഇനി മുതൽ സ്കോളർഷിപ്പ് ലഭിക്കും. പുറമെ പട്ടികജാതി, പട്ടികവർഗ വിദ്യാർഥികൾക്ക് ഫീസൊന്നും അടയ്ക്കാതെ പ്രവേശനം ലഭ്യമാക്കുന്ന ഫ്രീ ഷിപ്പ് കാർഡുകൾ അടുത്ത അധ്യയനവർഷം മുതൽ ലഭ്യമാകും.

വിങ്ങ്സ് പദ്ധതിയിലൂടെ പിന്നാക്കക്കാർക്ക് കൊമേഴ്സ്യൽ പൈലറ്റ് കോഴ്സിനായി പഠനസഹായം ലഭ്യമാക്കുന്നു





# പോലീസിന്റെ ആധുനികീകരണം

പോലീസ് സംവിധാനത്തിന്റെ ആധുനികീകരണത്തിലൂടെ സുരക്ഷാകാര്യങ്ങളിലും കാലോചിതപരിഷ്കരണം സാധ്യമാക്കി.

സംസ്ഥാനത്ത് വർധിച്ചുവരുന്ന സാമ്പത്തികത്തട്ടിപ്പുകൾ അന്വേഷിക്കുന്നതിന് പ്രത്യേകം രൂപം നൽകിയ എക്കണോമിക് ഒഫെൻസസ് വിങ്ങ് പ്രവർത്തനം ആരംഭിച്ചു. മികച്ച സാങ്കേതികപരിജ്ഞാനവും സാമ്പത്തികകുറ്റകൃത്യങ്ങൾ അന്വേഷിച്ച് മുൻപരിചയവുമുള്ള പോലീസ് ഉദ്യോഗസ്ഥരെയാണ് ഈ വിഭാഗത്തിൽ നിയമിച്ചിരിക്കുന്നത്.

സൈബർ സാമ്പത്തിക തട്ടിപ്പുകൾ തടയാൻ പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്ററും പ്രവർത്തനമാരംഭിച്ചു. 1930 എന്ന ടോൾഫ്രീ നമ്പറിൽ പരാതികൾ അറിയിക്കാം. കേന്ദ്രസർക്കാരിന്റെ സിറ്റിസൺ ഫിനാൻഷ്യൽ സൈബർ ഫ്രോഡ് റിപ്പോർട്ടിംഗ് ആന്റ് മാനേജ്മെന്റ് സിസ്റ്റത്തിന് കീഴിലുള്ള കേന്ദ്രീകൃത കോൾസെന്ററാണിത്.

ഡാർക്ക് വെബ്ബിലെ നിഗൂഢതകൾ നീക്കുന്നതിനും കുറ്റകൃത്യങ്ങൾ വിശകലനം ചെയ്യുന്നതിനും കേരളാപോലീസ് വികസിപ്പിച്ചെടുത്ത സെഫ്റ്റ് വെയറാണ് Grapenel 1.0. ഡാർക്ക് വെബ്ബിലൂടെ



സംസ്ഥാനത്ത് വർധിച്ചുവരുന്ന സാമ്പത്തികത്തട്ടിപ്പുകൾ അന്വേഷിക്കുന്നതിന് പ്രത്യേകം രൂപം നൽകിയ എക്കണോമിക് ഒഫെൻസസ് വിങ്ങ് പ്രവർത്തനം ആരംഭിച്ചു



സൈബർ സാമ്പത്തിക തട്ടിപ്പുകൾ തടയാൻ പോലീസ് ആസ്ഥാനത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്ററും പ്രവർത്തനമാരംഭിച്ചു




നടക്കുന്ന കുറ്റകൃത്യങ്ങളായ ലൈംഗികവ്യാപാരം, മയക്കുമരുന്ന് കച്ചവടം, ആയുധ വ്യാപാരം, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ ഈ സോഫ്റ്റ് വെയർ ഉപയോഗിച്ച് കണ്ടെത്താം.

## ആധുനികീകരണത്തിന് പ്രാധാന്യം

സംസ്ഥാനത്തെ 20 പോലീസ് ജില്ലകൾക്കും പ്രത്യേകം വെബ്സൈറ്റുകൾ എന്ന ആശയവും യാഥാർഥ്യമായി. വെബ്സൈറ്റിൽ പൊതുജനങ്ങൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും പ്രത്യേകമായി വിഭാഗങ്ങൾ സജ്ജീകരിച്ചിരിക്കുന്നു.

# വൈദ്യുതി ഉൽപാദനമികവ്



പ്രസരണനഷ്ടം കുറച്ചും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയുമാണ് വൈദ്യുതി നിരന്തരം ലഭ്യമാക്കുന്നത്. പവർ കട്ടില്ലാത്ത കേരളമെന്ന മികവിനാണ് ഇതുവഴി വഴിയൊരുക്കിയത്

വൈദ്യുതി ഉൽപാദനത്തിൽ ഇതുവരെയില്ലാത്ത പുരോഗതിയാണ് കേരളത്തിൽ. ജലവൈദ്യുതി ഉൽപാദനത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം.

15 വർഷത്തിന് ശേഷം 100 മെഗാവോട്ട് ഹൈഡ്രോ ഇലക്ട്രിക് പ്രൊജക്ട് പള്ളിവാസലിൽ പ്രവർത്തനസജ്ജമാകുകയാണ്.

പ്രസരണനഷ്ടം കുറച്ചും ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തിയുമാണ് വൈദ്യുതി നിരന്തരം ലഭ്യമാക്കുന്നത്. പവർ കട്ടില്ലാത്ത കേരളമെന്ന മികവിനാണ് ഇതുവഴി വഴിയൊരുക്കിയത്.

**വൈദ്യുതി ഉൽപാദനത്തിൽ ഇതുവരെയില്ലാത്ത പുരോഗതിയാണ് കേരളത്തിൽ**

**ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൂർത്തിയാക്കിയ പ്രധാന പദ്ധതികൾ**

| ജലവൈദ്യുത പദ്ധതി | ആരംഭിച്ച വർഷം | മുൻ സർക്കാറിന്റെ കാലത്തെ ആകെ പുരോഗതി (30.04.2021) | ഈ സർക്കാറിന്റെ കാലത്തെ ആകെ പുരോഗതി |
|---|---|---|---|
| പെരിങ്ങൽകുത്ത് (24 MW45.02 Mu) | 2014 | 95.12 % | 04.05.2022ൽ കമ്മീഷൻ ചെയ്തു |
| പള്ളിവാസൽ വിപുലീകരണം പദ്ധതി (60 MW 153.90 Mu) | 2007 | 88.40 % | 89.30 % |
| ചിന്നാർ (ഒന്നാം ഘട്ടം) (24 MW 76.45 Mu) | 2018 | 67.84 % | 99.5 % |
| ഭൂതത്താൻകെട്ട് (24 MW 83.5 Mu) | 2014 | 93.67 % | 94.06 % |
| തൊട്ടിയാർ (40 MW 99 Mu) | 2009 | 74.10 % | 76.77 % |
| ചെങ്കുളം ഓമെന്റേഷൻ (85 Mu) | 2009 | 66 % | 85.5 % |
| പെരുവണ്ണാമൂഴി (6MW24.70 Mu) | 2018 | 50.94 % | 92.20 % |
| അപ്പർ കല്ലാർ (2 MW5.14 Mu) | 2016 | 89% | 30.09.2021ൽ കമ്മീഷൻ ചെയ്തു |
| പഴശ്ശിസാഗർ (7.5MW25.16 Mu) | 2017 | | |
| മാങ്കുളം (40 MW , 82.08 Mu) | 21.5.2022 | 30.67% | |
| ഒലിക്കൽ (5 MW, 10.26 Mu) | 19.09.2022 | | 34.37% |
| പൂവാരംതോട് (3 MW, 5.88 Mu) | 19.09.2022 | | |



# പെൺകരുത്തിന്റെ മലയാളനാട്

കേരളത്തിന്റെ സാമൂഹികപുരോഗതിയുടെ അടയാളപ്പെടുത്തലായി മാറിയിട്ടുണ്ട് സ്ത്രീശാക്തീകരണം തൊഴിൽ ശക്തിയിലും സ്ത്രീമുന്നേറ്റം സാധ്യമാക്കുകയാണ് ഇപ്പോൾ. സ്ത്രീസംരംഭകരുടെ എണ്ണം വർധിക്കുന്നത് തന്നെയാണ് ഇതിന് ദൃഷ്ടാന്തം. തൊഴിലിടങ്ങളിലെ സുരക്ഷ ഉറപ്പാക്കി സർക്കാർ. വിവിധ സേനാവിഭാഗങ്ങളിലും സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പാക്കി. ഹരിതകർമ സേനയുടെ വ്യാപനത്തിലൂടെ തൊഴിൽ–വരുമാന സുരക്ഷയും ഉറപ്പാക്കാനായി.

ഭൂരിപക്ഷ ജില്ലകളിലും വനിത വികസന കോർപ്പറേഷൻ ഹോസ്റ്റലുകൾ ആരംഭിച്ചു.

- എറണാകുളത്ത് എന്റെ കൂട് പദ്ധതി നടപ്പിലാക്കി
- സ്ത്രീകൾക്ക് വേണ്ടിയിട്ടുള്ള റീ സ്ക്രില്ലിങ് പ്രോഗ്രാം നടപ്പിലാക്കി.
- വിദേശത്ത് പോകുന്ന നഴ്സുമാർക്ക് വേണ്ടിയുള്ള പ്രത്യേക പരിശീന പരിപാടി സംഘടിപ്പിച്ചു.
- സ്വയം തൊഴിൽ സംരംഭങ്ങൾക്ക് പരിശീലനം
- സ്ത്രീധന നിരോധന ചട്ടങ്ങളിൽ ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരെ നിശ്ചയിച്ചു






ഗാർഹിക പീഡനത്തിനിരയാകുന്നവർക്കുള്ള പ്രൊവൈഡിങ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിച്ച് ഉണർവ് പദ്ധതി



ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്താൻ ധീര പദ്ധതി നടപ്പിലാക്കി

- സ്ത്രീ സുരക്ഷയ്ക്കായി കനൽ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കി സ്ത്രീധനത്തിനെ തിരെയുള്ള പരാതികൾക്കും റിപ്പോർട്ട് ചെയ്യാനും ഓൺലൈൻ പോർട്ടൽ സജ്ജമാക്കി.
- വിവാഹ പൂർവ കൗൺസിലിങ്ങ് ആരംഭിച്ചു
- ബാല്യകാലത്തിൽ തന്നെ പെൺകുട്ടികളിൽ ആത്മവിശ്വാസവും ധൈര്യവും വളർത്താൻ ധീര പദ്ധതി നടപ്പിലാക്കി.
- ആദിവാസി സ്ത്രീകളുടെ ഉന്നമനത്തിനായി വനമിത്ര വനിതാ ശാക്തീകരണ പദ്ധതി നടപ്പാക്കി
- സംസ്ഥാനതല പരിശീലനത്തിന് സ്റ്റേറ്റ് ട്രെയിനിങ്ങ് സെന്റർ സ്ഥാപിച്ചു.
- തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള ആദ്യ പോഷ് കംപ്ലയൻസ് പോർട്ടൽ
- ഗാർഹിക പീഡനത്തിനിരയാകുന്നവർക്കുള്ള പ്രൊവൈഡിങ്ങ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിച്ച് ഉണർവ് പദ്ധതി.

അധ്യാപികമാരുടെ വസ്ത്രധാരണത്തിൽ മാനേജ്മെന്റുകളുടെ ഇടപെടൽ കർശനമായി വിലക്കി ഉത്തരവ് പുറപ്പെടുവിച്ചു. സ്ത്രീ–പുരുഷ വ്യത്യാസമില്ലാതെ അധ്യാപകർക്ക് ഇഷ്ടമുള്ള – മാന്യമായ – ഏതു വസ്ത്രവും ധരിക്കുന്നതിന് അവകാശം നൽകുന്നതാണ് പുതിയ ഉത്തരവ്.

# കേരളത്തിന്റെ മുഖശ്രീ



തൊഴിൽ-വരുമാന സുരക്ഷ ഒരുക്കി സ്ത്രീസമൂഹത്തിൽ വലിയൊരു സാമൂഹികമാറ്റത്തിനാണ് കുടുംബശ്രീ വഴിതെളിച്ചത്. 46 ലക്ഷത്തോളം സ്ത്രീകൾ അംഗങ്ങളായ കുടുംബശ്രീ സൂക്ഷ്മ സംരംഭമേഖലയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 57417 പേർക്ക് തൊഴിൽ നൽകി. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി സ്റ്റാർട്ടപ് വില്ലേജ് ഓന്റർപ്രണർഷിപ് പ്രോഗ്രാം നടപ്പാക്കി. നഗര പ്രദേശങ്ങളിൽ 2,246 സംരംഭങ്ങൾ രൂപീകരിച്ചതിലൂടെ 3,872 പേർക്ക് തൊഴിൽ നൽകി.

കഴിഞ്ഞ രണ്ട് വർഷത്തിൽ 17,5000 പുതിയ അംഗങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെടുത്തി. സ്ത്രീശാക്തീകരണത്തിന് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്താൻ കുടുംബശ്രീ




കുടുംബശ്രീ

46 ലക്ഷത്തോളം സ്ത്രീകൾ അംഗങ്ങളായ കുടുംബശ്രീ സൂക്ഷ്മ സംരംഭമേഖലയിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിലായി 57,417 പേർക്ക് തൊഴിൽ നൽകി.



കഴിഞ്ഞ രണ്ട് വർഷത്തിൽ 175000 പുതിയ അംഗങ്ങളെ കുടുംബശ്രീ സംഘടനാ സംവിധാനത്തിൽ ഉൾപ്പെടുത്തി.


പ്രസ്ഥാനത്തിനായി. വിവിധ പ്രായക്കാരെ ഉൾക്കൊള്ളിച്ചുള്ള വിപുലീകരണത്തിനായി ഓക്സിലറി ഗ്രൂപ്പുകൾ തുടങ്ങാനായതും സമീപകാല നേട്ടമാണ്. 18 മുതൽ 40 വയസ് വരെയുള്ള സ്ത്രീകൾക്കായി 19,544 ഓക്സിലറി ഗ്രൂപ്പുകൾ രൂപീകരിച്ചു. ഇവയിലൂടെ 3,06,692 യുവതികൾ അംഗത്വം നേടി.

എ ഡി എസുകൾക്ക് ഒരു ലക്ഷം രൂപ വീതം 75 കോടി രൂപ റിവോൾവിങ്ങ് ഫണ്ടായി വിതരണം ചെയ്തു. തീരദേശങ്ങളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായി 3.45 കോടി രൂപ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ നൽകി. 47,256 സൂക്ഷ്മസംരംഭങ്ങൾ ആരംഭിച്ചു. വിശപ്പുരഹിത കേരളം പദ്ധതിയിൽ 1198 ജനകീയ ഹോട്ടലുകളും. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട് ജില്ലകളിലായി 303 ബ്രോയ്‌ലർ ഫാമുകളും 103 കേരള ചിക്കൻ ഔട്ട്‌ലെറ്റുകളും സ്ഥാപിച്ചു. കുടുബശ്രീയിലെ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ ഓണറേറിയം 9000 രൂപയിൽ നിന്ന് 12000 രൂപയായി വർധിപ്പിച്ചിട്ടുണ്ട്.



# വ്യവസായസൗഹൃദകേരളം

നിക്ഷേപസൗഹൃദ, വ്യാവസായികലക്ഷ്യസ്ഥാനമാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനസർക്കാർ സ്വീകരിച്ച നടപടികൾ കഴിഞ്ഞ രണ്ടു വർഷം കൊണ്ട് കേരളത്തിന്റെ വ്യവസായ മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ സഹായിച്ചു. ഈസ് ഓഫ് ഡൂയിങ് ബിസിനസിൽ കേരളത്തിന് 28ൽ നിന്ന് 15-ാം സ്ഥാനത്തേക്ക് ഉയർന്നു. ഇതിന് അനുഗുണമാണ് സംസ്ഥാനം പ്രഖ്യാപിച്ച പുതിയ വ്യവസായനയവും.



വ്യവസായ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കി

വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഫലമായി 11,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു.

കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി പാലക്കാട് വ്യവസായ ക്ലസ്റ്ററും കൊച്ചി ഗിഫ്റ്റ് സിറ്റിയും സ്ഥാപിക്കുന്നു.
കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴി പദ്ധതിയിലൂടെ 22,000 ത്തോളം നേരിട്ടും 80,000 ത്തോളം പരോക്ഷവുമായ തൊഴിൽ അവസരങ്ങൾ പ്രതീക്ഷിക്കുന്നു.

നാല് വർഷത്തിനുള്ളിൽ 1000 ഏക്കർ സ്ഥലം വ്യവസായങ്ങൾക്കായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സ്വകാര്യ വ്യവസായ എസ്റ്റേറ്റ്



വൻകിട വ്യവസായ ങ്ങളെ പ്രോത്സാഹി പ്പിക്കുന്നതിന്റെ ഫലമായി 11,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു.

പദ്ധതി ആരംഭിച്ചു. എട്ട് സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് ഇതുവരെ അനുമതി നൽകി.

ടാറ്റ എലക്സി പദ്ധതിക്കായി കഴക്കൂട്ടം കിൻഫ്ര പാർക്കിൽ 9 നിലകളിലായി 2.17 ലക്ഷം ചതുരശ്ര അടി വിസ്തീർണത്തിൽ കെട്ടിടം. 2500 പേർക്ക് നേരിട്ടും 1500 പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാകും.

യു.എസ്. കമ്പനിയായ വെൻഷ്വർ 1500 കോടി രൂപയുടെ നിക്ഷേപം നടത്തും. 2021-22ൽ 10 പ്രമുഖ കമ്പനികൾ വിവിധ കിൻഫ്ര പാർക്കു കളിൽ നിക്ഷേപം നടത്തി. 5000 പേർക്ക് നേരിട്ടുള്ള തൊഴിലവസരങ്ങൾ, 1000 കോടി രൂപ യുടെ നിക്ഷേപവും നേട്ടമായി.

## ലൈസൻസുകൾ അതിവേഗം

വ്യവസായ സംരംഭങ്ങൾക്ക് അംഗീകാരപത്രം നൽകുന്ന ഓൺലൈൻ ഏകജാലക സംവിധാന മായ കെ-സ്വിഫ്റ്റിന്റെ പുതിയ പതിപ്പ് തുടങ്ങി. 21 വകുപ്പുകളിലായി 90-ലധികം സേവനങ്ങൾ പോർട്ടലിലൂടെ നൽകിവരുന്നു.

## ഏഴ് ദിവസത്തിനുള്ളിൽ അനുമതി

വ്യവസായ സംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി അനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കി. 50 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ളതും അല്ലാത്തതുമായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ വിവിധ ലൈസൻസുകൾ, ക്ലിയറൻസുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവ നൽകുന്നതിനുള്ള അപേക്ഷകൾ ഏഴു ദിവസത്തിനുള്ളിൽ തീർപ്പാക്കും..

വ്യാവസായിക സംരംഭങ്ങളിലെ പരിശോധനകൾ സുതാര്യമാക്കുന്നതിനായി കേന്ദ്രീകൃത പരിശോധനാ സംവിധാനം കേരള സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (കെ-സിസ്).

# ഉറപ്പാക്കുന്നു ജീവിതഭദ്രത

പ്രവാസിക്ഷേമം ഉറപ്പാക്കുന്നതിൽ കേരളത്തിന്റെ മാതൃക ദേശീയതലത്തിൽതന്നെ അംഗീകരിക്കപ്പെട്ടതാണ്. വിദേശത്തും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിലും തൊഴിൽതേടി പോകുന്നതുമുതൽ തിരികെ നാട്ടിലെത്തി ജീവിതം കെട്ടിപ്പടുക്കുന്നതു വരെ സർക്കാർ പ്രവാസികൾക്കൊപ്പമുണ്ടെന്ന് ഉറപ്പാക്കുന്ന പദ്ധതികളാണ് കേരളം നടപ്പാക്കുന്നത്.

## പ്രവാസി ഭദ്രത

കോവിഡ്-19 മഹാമാരി ലോകവ്യാപകമായി പ്രവാസികേരളീയരുടെ തൊഴിലിനെയും തൊഴിൽ സാധ്യതകളെയും ബാധിച്ച പശ്ചാത്തലത്തിൽ യാത്രാവിലക്കുകാരണം നാട്ടിൽ കുടുങ്ങിയവർക്കും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവർക്കുമായി മൂന്ന് സംരംഭക പദ്ധതികൾ ഉൾപ്പെടുന്നതാണ് പ്രവാസി ഭദ്രത.

പ്രവാസി ഭദ്രത -പേൾ (നാനോ എന്റർപ്രൈസസ് അസിസ്റ്റന്റ് സ്കീം)
പ്രവാസി ഭദ്രത -മൈക്രോ (മൈക്രോ എന്റർപ്രൈസസ് അസിസ്റ്റന്റ് സ്കീം)
പ്രവാസി ഭദ്രത -മെഗാ (സ്പെഷ്യൽ അസിസ്റ്റന്റ് സ്കീം) എന്നിവയാണ് പദ്ധതികൾ.



കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ എന്നിവ വഴി സ്വയം തൊഴിൽവായ്പ ലഭ്യമാക്കും. അഞ്ച് ലക്ഷംരൂപ വരെയുള്ള വായ്പകളാണ് അനുവദിക്കുക.

അവിദഗ്ധ തൊഴിൽ മേഖലകളിൽ നിന്നുള്ളവരും കുറഞ്ഞ വരുമാന പരിധിയിൽ വരുന്നവരുമായ പ്രവാസികേരളീയർ/അവരുടെകുടുംബാംഗങ്ങൾ എന്നിവർക്കായി കുടുംബശ്രീ വഴി പലിശരഹിത സംരംഭകവായ്പകളും പിന്തുണസഹായങ്ങളും നൽകി സാമ്പത്തിക സ്വാശ്രയത്വം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. റിവോൾവിങ് ഫീ മാതൃകയിൽ വ്യക്തിഗത/ഗ്രൂപ്പ്സംരംഭങ്ങൾക്കാണ് സഹായം നൽകുന്നത്. സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത/ഗ്രൂപ്പ് വായ്പകൾ നൽകും. രണ്ട് ലക്ഷംരൂപ വരെയുള്ളവയ്ക്കു പലിശരഹിത വായ്പയാണ് നൽകുന്നത്.

## പ്രവാസിഭദ്രത (പേൾ) മൈക്രോഎന്റർപ്രൈസസ് അസിസ്റ്റൻസ് സ്കീം

കേരളാ ബാങ്ക്, കെ.എസ്.എഫ്.ഇ എന്നിവ വഴി സ്വയം തൊഴിൽവായ്പ ലഭ്യമാക്കും. അഞ്ച് ലക്ഷം രൂപ വരെയുള്ള വായ്പകളാണ് അനുവദിക്കുക. പദ്ധതിത്തുകയുടെ 25% പരമാവധി ഒരു ലക്ഷംരൂപ വരെമൂലധന സബ്സിഡിയായിലഭിക്കും.ആദ്യ നാലുവർഷം 3% പലിശ സബ്സിഡി നൽകും .തൊട്ടടുത്ത കേരള ബാങ്ക്, കെ.എസ്.എഫ്.ഇ ശാഖകൾ വഴി ഈ വായ്പക്ക് അപേക്ഷിക്കാം.

## പ്രവാസി ഭദ്രത -മെഗാ (സ്പെഷ്യൽ അസിസ്റ്റന്റ് സ്കീം)

25 ലക്ഷം മുതൽ രണ്ട് കോടി രൂപ വരെ കെ.എസ് ഐ .ഡി.സി വഴി നടപ്പിലാക്കുന്ന സംരംഭക പദ്ധതിയിൽ ഗുണഭോക്താക്കളായ പ്രവാസികേരളീയർക്കു അനുവദിക്കുന്ന വായ്പകൾക്ക് പലിശസബ്സിഡി നൽകുന്നു. 25 ലക്ഷം മുതൽ രണ്ട് കോടിരൂപ വരെയുള്ള വായ്പകൾക്കാണ് പലിശ സബ്സിഡി. 8.25% മുതൽ



വൻകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഫലമായി 11,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു.

8.75% വരെ പലിശ ഈടാക്കുന്ന വായ്പകൾ 5% മാത്രം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കി ബാക്കി 3.25% മുതൽ 3.75% വരെ പലിശ ഗുണഭോക്താക്കൾക്ക് പലിശ സബ്സിഡി ഇനത്തിൽ തിരികെ നൽകും.

## നോർക്ക വനിതാമിത്ര വായ്പകൾ

നോർക്ക റൂട്ട്സും വനിതാവികസന കോർപ്പറേഷനും ചേർന്ന് വനിതാസംരംഭകർക്കായി ആവിഷ്കരിച്ചിരിക്കുന്ന വായ്പ പദ്ധതി. വിദേശത്ത് രണ്ടു വർഷമെങ്കിലും ജോലി നോക്കുകയോ താമസിക്കുകയോ ചെയ്തശേഷം സ്ഥിരമായി മടങ്ങിയെത്തിയ വനിതകൾക്ക് 30 ലക്ഷം രൂപ വരെയുള്ള വായ്പകളാണ് പദ്ധതിയിൽ ആവിഷ്കരിച്ചിരിക്കുന്നത്. 2022-23 വർഷം 1000 വായ്പകൾ ലഭ്യമാക്കാനാണ് ലക്ഷ്യം. വനിതാ വികസന കോർപ്പറേഷന്റെ ആറുശതമാനം പലിശ നിരക്കിലമു വായ്പക്ക് ആദ്യ നാലുവർഷം നോർക്ക റൂട്ട്സിന്റെ മൂന്നു ശതമാനം സബ്സിഡി അടക്കം മൂന്നു ശതമാനം പലിശ നിരക്കിൽ വനിതാസംരംഭകർക്ക് വായ്പ ലഭിക്കുമെന്നതാണ് പദ്ധതിയുടെ സവിശേഷത. 15 ശതമാനം മൂലധന സബ്സിഡിയും ലഭിക്കും.

## ട്രിപ്പിൾ വിൻ പദ്ധതി

കേരളത്തിൽനിന്നും ജർമനിയിലേക്കു നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് ജർമൻ ഫെഡറൽ എംപ്ലോയ്മെന്റ് ഏജൻസി യുമായി ട്രിപ്പിൾവിൻ പദ്ധതി പ്രകാരം കേരളം ധാരണപത്രം ഒപ്പിട്ടിട്ടുണ്ട്.

## യു.കെ.യിലേക്ക് നഴ്സിങ്ങ് റിക്രൂട്ട്മെന്റ്

ഇയോവിൽ ഡിസ്ട്രിക്ട് ഹോസ്പിറ്റൽ എൻ.എസ്. എച്ച്. ട്രസ്റ്റിലേക്കും ഇരുപത്തിയഞ്ചോളം അനുബന്ധ ട്രസ്റ്റുകളിലേക്കുമാണ് നോർക്ക റൂട്ട്സ് വഴി സൗജന്യ റിക്രൂട്ട്മെന്റ് നടക്കുന്നത്.

നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന വിദേശ ഭാഷാ പരിശീലന കേന്ദ്രമാണ് നോർക്ക ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറിൻ ലാംഗ്വേജ്.

ഓ.ഇ.ടി, ഐ. ഇ.എൽ.ടി.എസ്, ജർമ്മൻ തുടങ്ങിയ കോഴ്സുകളാണ് തിരുവനന്തപുരത്ത് ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്.

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

Printed and Published by T.V. Subhash IAS, Director Information & Public Relations Department
on behalf of Government of Kerala and Printed at Orange Printers Pvt. Ltd., Thiruvananthapuram
Published from Information Public Relations Department, Government of Kerala
Government Secretariate, Thiruvananthapuram 695001
May 2023 Copies: 500 For Free Circulation

digiCROW Designs
rash8075559859@gmail.com